കേരള സർക്കാർ

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി - 17.01.2019-ലെ മാനേജിംഗ് കമ്മിറ്റി - പൊതുവിഷയങ്ങളിൽ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

==========================================================================

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(എച്ച്) വകുപ്പ്**

സ.ഉ.(സാ.ധാ ) നം.79/2019/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം.20.05.2019

==========================================================================

പരാമർശം:- 1) സ.ഉ. (പി ) നം.7/1993/ പി ആർ തീയതി.16/08/1993

2) 17.01.2019 ലെ പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17.01.2019-ൽ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ചേരുകയുണ്ടായി. യോഗത്തിന്റെ പരിഗണനയിൽ വന്ന പ്രധാനപ്പെട്ട പത്രപ്രവർത്തക ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പൊതുവിഷയങ്ങളും അവയിൽ യോഗത്തിന്റെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു.

| മാനേജിംഗ് കമ്മിറ്റി പരിഗണിച്ച വിഷയം | | മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനം |
|---|---|---|
| 1 | പത്രപ്രവർത്തക ആശ്രിത പെൻഷനിൽ ആനുപാതിക വർദ്ധനവ് നൽകുന്നത് സംബന്ധിച്ച് | ധന വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞ ശേഷം തീരുമാനം കൈക്കൊള്ളാവുന്നതാണ്. |
| 2 | പത്രപ്രവർത്തക ക്ഷേമപദ്ധതിയിൽ അംഗത്വമുള്ളവർക്ക് നോമിനിയെ നിർദ്ദേശിക്കാൻ ഒരിക്കൽ കൂടി അവസരം | പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വമുള്ളവർക്ക് നോമിനിയെ നിർദ്ദേശിക്കാൻ ആറുമാസത്തെ സമയം അനുവദിക്കാവുന്നതാണ്. ഇവർക്ക് പിന്നീട് ഇക്കാര്യത്തിൽ അവസരം നൽകേണ്ടതില്ല. |
| 3 | സ്പെഷ്യൽ ഡ്രൈവ് 2017 വഴി അംഗത്വം ലഭിച്ചവരുടെ അംശദായ കുടിശ്ശിക 31.07.2018-നകം ഒടുക്കാൻ കഴിയാത്തവർക്ക് വീണ്ടും അവസരം നൽകുന്നത് സംബന്ധിച്ച് | 10 വർഷത്തിൽ കുറവ് സേവനകാലയളവുള്ള, പദ്ധതിയിൽ അംഗത്വമില്ലാത്ത പത്രപ്രവർത്തകർക്ക് സ്പെഷ്യൽ ഡ്രൈവ് 2017 പ്രകാരം സ്ഥിര നിയമനം ലഭിച്ചതുമുതലുള്ള അംശദായ കുടിശ്ശിക 15% പിഴ പലിശ സഹിതം ഒറ്റത്തവണയായി 31.07.2018-നകം ഒടുക്കാൻ കഴിയാത്തവർക്ക് ഒരവസരം കൂടി നൽകാവുന്നതും അംശദായ കുടിശ്ശിക 50000 രൂപ വരെ (അൻപതിനായിരം രൂപ) 2 ഗഡുക്കളായും 50000 രൂപയ്ക്ക് മുകളിൽ 4 ഗഡുക്കളായും |

| | | |
|---|---|---|
| | | ഒടുക്കാവുന്നതാണ്. ഉത്തരവാകുന്ന തീയതി മുതൽ 4 മാസത്തിനകം കുടിശ്ശിക തീർക്കേണ്ടതുമാണ്. |
| 4 | അംശദായം ഒടുക്കുന്നതിൽ മുടക്കം വരുത്തിയവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | പത്രപ്രവർത്തക ക്ഷേമപദ്ധതിയ്ക്കായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനാൽ അംശദായം മൂന്ന് വർഷം വരെ മുടക്കം വരുത്തിയവർക്ക് നിബന്ധനകൾക്ക് വിധേയമായി അംഗത്വം പുനഃസ്ഥാപിച്ച് നൽകുന്നതിന് ഒരവസരം കൂടി നൽകാവുന്നതാണ്. ആറുമാസം വരെ കുടിശ്ശിക വരുത്തിയവരെ പിഴപ്പലിശയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ഏഴ് മാസം മുതൽ മൂന്ന് വർഷം വരെ അംശാദായം മുടങ്ങിയവരിൽ നിന്നും 15% പിഴപ്പലിശ ഈടാക്കാവുന്നതാണ്. ഇവർ ഇപ്പോഴും പത്രസ്ഥാപനത്തിൽ തുടരുന്നു എന്നത് സംബന്ധിച്ച എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. |
| 5 | 50% പെൻഷൻ അനുവദിച്ചവർക്ക് 58 വയസാകുന്ന മുറയ്ക്ക് ഫുൾ പെൻഷൻ നൽകുന്നത് സംബന്ധിച്ച് | വിവിധ കാരണങ്ങളാൽ സർവ്വീസ് പൂർത്തിയാക്കാൻ കഴിയാത്തവർക്ക് അനുവദിച്ചിട്ടുള്ള 50% പെൻഷൻ അവർക്ക് 58 വയസാകുന്ന മുറയ്ക്ക് ഫുൾ പെൻഷൻ നൽകാൻ പദ്ധതി ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതിനാൽ തുടർന്ന് ഫുൾ പെൻഷൻ നൽകേണ്ടതില്ല. |
| 6 | 21.11.2006-ലെ സ.ഉ.(സ) 161/06/ വി.പൊ.വ. ഉത്തരവിൽ ഭേദഗതി | 21.11.2006-ലെ സ.ഉ. (സ) 161/06/വി.പൊ.വ. എന്ന ഉത്തരവിൽ, കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന/ പ്രൊഡക്ഷൻ യൂണിറ്റ് ഉള്ള എന്ന ഭേദഗതി വരുത്താവുന്നതാണ്. പ്രസ്തുത ഉത്തരവിലെ മറ്റു വ്യവസ്ഥകൾ തുടരാവുന്നതാണ്. |
| 7 | റിസർച്ച് അസിസ്റ്റന്റ്, ഇലസ്ട്രേറ്റർ, സീനിയർ ഇൻഡക്സ് അസിസ്റ്റന്റ്, വീഡിയോ ന്യൂസ് എഡിറ്റർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവരെ പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് | പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്ന വേളയിൽ പരിഗണിക്കാവുന്നതാണ്. |
| 8 | അംഗമാകാതെ സർവ്വീസിൽ നിന്നും പിരിഞ്ഞ 60 വയസ് കഴിഞ്ഞവരെ സംബന്ധിച്ച ഉപസമിതിയുടെ റിപ്പോർട്ട് | പ്രഗത്ഭ പത്രപ്രവർത്തകർ, അവശ പത്രപ്രവർത്തകർ എന്നിവരിൽ അർഹതയുള്ളവരെ കണ്ടെത്തുന്നതിന് മാനേജിംഗ് കമ്മിറ്റിയിൽ നിന്നും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ ഉൾപ്പെട്ട ഒരു ഉപസമിതിയെ ചുമതലപ്പെടുത്താവുന്നതും കാലതാമസം ഒഴിവാക്കാവുന്നതിന് ടി സമിതിയുടെ ശുപാർശകൾക്ക് തീരുമാനമെടുക്കാവുന്നതാണ്. |
| 9 | പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് | 1993 ഓഗസ്റ്റ് 16-ലെ സ.ഉ. (പി).7/93/പി.ആർ പ്രകാരം പുറപ്പെടുവിച്ച ചട്ട പ്രകാരമാണ് പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ അടിസ്ഥാന പ്രവർത്തന മാനദണ്ഡങ്ങൾ കാലത്തിനനുസരിച്ച് പരിഷ്കരിക്കുന്നതിനും വിവിധ |

| | | |
|---|---|---|
| | | ഉത്തരവുകൾ വഴി കൊണ്ടുവന്ന മാറ്റങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ പഠിച്ച് ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു സമിതിയെ നിയമിക്കാവുന്നതാണ്. |
| 10 | തേജസ് പത്രത്തിലെ പത്രപ്രവർത്തകർക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വവും, പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് | പ്രവർത്തനം അവസാനിപ്പിച്ച തേജസ് പത്രത്തിലെ പത്രപ്രവർത്തകർക്ക് 6 മാസത്തിനകം മറ്റൊരു മാധ്യമ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിബന്ധനയോടെ താൽക്കാലികമായി അംഗത്വം നൽകാവുന്നതാണ്. |

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ 17.01.2019-ൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെ മേൽപ്പറഞ്ഞ തീരുമാനങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. മേൽപ്പട്ടികയിലെ ക്രമനമ്പർ 2-ലെ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള 6 മാസത്തെ കാലാവധി ഈ ഉത്തരവു തീയതി മുതലായിരിക്കുന്നതും ക്രമനമ്പർ 4-ലെ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള 3 വർഷത്തെ കാലയളവ് മാനേജിംഗ് കമ്മിറ്റി ചേർന്ന 17.01.2019 തീയതി വച്ച് കണക്കാക്കുന്നതുമാണ്.

ക്രമനമ്പർ 6-ലെ തീരുമാനമനുസരിച്ച് 21.11.2006-ലെ സ.ഉ. (സ) 161/06/വി.പൊ.വ. എന്ന ഉത്തരവിൽ 'കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന" എന്നത് 'കേരളത്തിൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന/ പ്രൊഡക്ഷൻ യൂണിറ്റ് ഉള്ള' എന്ന ഭേദഗതി വരുത്തിയും ഉത്തരവാകുന്നു. പ്രസ്തുത ഉത്തരവിലെ മറ്റു വ്യവസ്ഥകൾ തുടരുന്നതാണ്.

ക്രമനമ്പർ 8, 9, ഇനങ്ങളിലെ തീരുമാനങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള സമിതികൾ രൂപവത്ക്കരിച്ചു കൊണ്ടുള്ള ഉത്തരവുകൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ക്രമനമ്പർ 10-ലെ തീരുമാനത്തിൽ സൂചിപ്പിച്ചിട്ടുള്ള സമയ പരിധി തേജസ് പത്രം അവസാനിപ്പിച്ച തീയതി മുതൽ ആറുമാസമായിരിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മേരി ലാലി. സി. വൈ

ഡെപ്യൂട്ടി സെക്രട്ടറി

എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ കമ്മിറ്റി അംഗങ്ങൾക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്.
ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ സി.എ
സെക്രട്ടറിയുടെ സി.എ
തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ സി.എ
ഡയറക്ടറുടെ സി.എ
അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി
ജോയിന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ(എം.ആർ)
ഇൻഫർമേഷൻ ഓഫീസർ, (വെബ് &ന്യൂ മീഡിയ-വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
ഇൻഫർമേഷൻ ഓഫീസർ(പി.ആർ-പത്രക്കുറിപ്പ് നൽകുന്നതിന്)

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവര പൊതുജന സമ്പർക്ക വകുപ്പ് - കേരള പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ ചട്ടങ്ങളിൽ വിവിധ ഉത്തരവുകൾ വഴി കൊണ്ടുവന്ന മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനും ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു സമിതിയെ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര പൊതുജന സമ്പർക്ക (എച്ച്) വകുപ്പ്**

**സ.ഉ.(സാധാ) നം.65/2020/ഐ & പി.ആര്** തീയതി, തിരുവനന്തപുരം, 28/05/2020

---

പരാമർശം:- സ.ഉ(സാധാ) നം.79/2019/ഐ&പിആർഡി തീയതി 20/05/2019

**ഉത്തരവ്**

ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17/01/2019-ൽ ചേർന്ന പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിംഗ് കമ്മിറ്റി 16/08/1993-ലെ സ.ഉ.(പി).7/93/പി.ആർ പ്രകാരം പുറപ്പെടുവിച്ച പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ കാലത്തിനനുസരിച്ച് പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വിവിധ ഉത്തരവുകൾ വഴി കൊണ്ടുവന്ന മാറ്റങ്ങൾ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുമായി ഒരു സമിതിയെ നിയമിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ആയത് പരാമർശം പ്രകാരം ഉത്തരവാകുകയുമുണ്ടായി. പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടങ്ങളിൽ വിവിധ ഉത്തരവുകൾ വഴി കൊണ്ടുവന്ന മാറ്റങ്ങൾ ഉൾ പ്പെടുത്തുന്നതിനും കാലത്തിനനുസരിച്ച് ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഉപസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ - അദ്ധ്യക്ഷൻ

2.വിവര പൊതുജന സമ്പർക്ക വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ) - കൺവീനർ

**സർക്കാർ പ്രതിനിധികൾ**

3.ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ - അംഗം

4.നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ - അംഗം

5.തൊഴിലും നൈപുണ്യവും വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ - അംഗം

**കേരള പത്രപ്രവർത്തക യൂണിയൻ പ്രതിനിധികൾ**

6.ശ്രീ. വി.എം. സുരേഷ്, പ്രസിഡന്റ്, KUWJ തിരുവനന്തപുരം ജില്ലാകമ്മിറ്റി - അംഗം

**മാധ്യമ പ്രതിനിധി**

7.ശ്രീ. എം. പത്മനാഭൻ, മുതിർന്ന മാധ്യമപ്രവർത്തകൻ, മാധ്യമം, തൃശ്ശൂർ - അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മേരി ലാലി.സി.വൈ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ് :1) അഡീഷണൽ ഡയറക്ടർ (ജനറൽ), ഐ & പിആർഡി

2) ശ്രീ. വി.എം. സുരേഷ്, പ്രസിഡന്റ്, KUWJ തിരുവനന്തപുരം ജില്ലാകമ്മിറ്റി

3) ശ്രീ. എം. പത്മനാഭൻ, മുതിർന്ന മാധ്യമപ്രവർത്തകൻ, മാധ്യമം, തൃശ്ശൂർ

4) ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)

5) അക്കൗണ്ട്സ് ഓഫീസർ

6) ഇൻഫർമേഷൻ ഓഫീസർ (പി.ആർ)

7) ധനകാര്യ വകുപ്പ്

8) നിയമ വകുപ്പ്

9) തൊഴിൽ വകുപ്പ്

10) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

KUWJ

**Kerala Union of Working Journalists**

**State Committee, Thiruvananthapuram**

**Reg. No. 225/68, Kesari Buildings, Pulimoodu, Tvpm - 695 001.**

**Email : statekuwj@gmail.com Website : www.kuwj.org**

President
**K.P. Reji**
Mob: 9645006328
Madhyamam, Thiruvananthapuram.
kprejiforu@gmail.com

General Secretary
**E.S.Subhash**
Mob: 9447186884
Deshabhimani, Ernakulam
essubhashdesh@gmail.com

5.06.2021

**ഡയറക്ടർ,**
**ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെൻറ്**
**സെക്രട്ടറിയേറ്റ്,**
**തിരുവനന്തപുരം.**

സർ,

പത്രപ്രവർത്തക പെൻഷൻ പദ്ധതി വർഷങ്ങളായി കാര്യക്ഷമമായി മുന്നോട്ടുപോകുകയാണെങ്കിലും പദ്ധതിയുമായി ബന്ധപ്പെട്ട് സത്വര പരിഹാരം അവശ്യമായ ചില ഗൗരവതരമായ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അടിയന്തര ഇടപെടലിനും പെൻഷൻ ചട്ടം ഭേദഗതി ഉൾപ്പെടയുള്ള നടപടികൾക്കുമായി താഴെ പറയുന്ന ആവശ്യങ്ങൾ സമർപ്പപിക്കുന്നു.

1. അംശാദായ വ്യവസ്ഥ : അംശാദായം അടയ്ക്കുന്നതിന് കഴിഞ്ഞ വർഷം ജനുവരി മുതൽ എംപ്ലായ്മെൻറ് സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ സ്ഥാപന മുദ്രയുള്ള ശമ്പള സർട്ടിഫിക്കറ്റ് എന്നിവയിലേതെങ്കിലും ഒന്ന് നിർബന്ധമാക്കിയിരിക്കുകയാണ്. മാധ്യമപ്രവർത്തനം ഉപേക്ഷിച്ചുപോയവർ പദ്ധതിയിൽ തുടരുന്നത് ഒഴിവാക്കുകയാണ് ലക്ഷ്യമെങ്കിലും അർഹരായ ഒട്ടേറെ പേർക്ക് ഈ വ്യവസ്ഥ തടസ്സമായിരിക്കുകയാണ്. സ്ഥാപനവുമായി തൊഴിൽ കേസുകൾ നിലവിലുള്ളവർ, സ്ഥാപനം മാറി ജോലി ചെയ്യുന്നവർ തുടങ്ങിയവരൊക്കെ പ്രശ്നങ്ങൾ നേരിടുന്നു. സ്ഥാപനം മാറി പ്രമുഖ പത്രങ്ങളുടെ ഓൺലൈൻ എഡിഷനുകളിൽ ജോലിചെയ്യുന്നവർക്കുപോലും അവർ നിലവിൽ പത്തിലേറെ വർഷമായി അംശാദായം അടച്ചുകൊണ്ടിരിക്കുന്നവരായിട്ടു കൂടി പദ്ധതിയിൽ തുടരാൻ കഴിയാത്ത സാഹചര്യമുണ്ട്. ശമ്പളം മുടങ്ങുന്നതടക്കം കടുത്ത സാമ്പത്തിക പ്രതിസന്ധികളിൽ നിൽക്കുന്നതിനാൽ സാലറി സർട്ടഫിക്കറ്റോ എംപ്ലോയ്മെൻ്റ് സർട്ടിഫിക്കറ്റോ അനുവദിക്കാൻ ഒട്ടുമിക്ക മാധ്യമസ്ഥാപനങ്ങളും മടിക്കുന്ന അവസ്ഥയുമുണ്ട്. ആയതിനാൽ വർഷങ്ങളായി പെൻഷൻ പദ്ധതിയിൽ അംശാദായം അടച്ചുവന്നവർക്ക് തുടർന്നും അതിന് അവസരം ഒരുക്കുന്ന വിധത്തിൽ വ്യവസ്ഥകൾ ലഘൂകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2. വീഡിയോ എഡിറ്റർമാർക്കും മാഗസിൻ ജേണലിസ്റ്റുകൾക്കും അംഗത്വം : മാധ്യമ പ്രവർത്തകരെന്ന നിലയിൽ ദീർഘകാലമായി ജോലിയിൽ തുടർന്നുവരികയാണെങ്കിലും മാഗസിൻ ജേർണലിസ്റ്റുകൾക്കും ദൃശ്യമാധ്യമങ്ങളിലെ വീഡിയോ എഡിറ്റർമാർക്കും ഇതുവരെ പെൻഷൻ പദ്ധതിയിൽ അംഗത്വം നൽകിത്തുടങ്ങിയിട്ടില്ല. പത്രങ്ങളിലും ചാനലുകളിലും ജോലിചെയ്യുന്ന മാധ്യമപ്രവർത്തകരുടെ അതേ യോഗ്യത ഉണ്ടായിരിക്കുകയും വേജ് ബോർഡ് ചട്ടങ്ങൾ പ്രകാരം സേവന - വേതന വ്യവസ്ഥകൾ പിൻതുടരുകയും ചെയ്യുന്ന മാഗസിൻ ജേർണലിസ്റ്റുകൾക്ക് പദ്ധതി അംഗത്വം അനുവദിക്കാൻ സത്വര നടപടിയുണ്ടാകമമെന്ന് അഭ്യർഥിക്കുന്നു. വീഡിയോ എഡിറ്റർമാരുടെ അംഗത്വ കാര്യത്തിൽ നടപടി തുടങ്ങിവച്ചതാണെങ്കിലും മുന്നോട്ട് പോയിട്ടില്ല. ഇക്കാര്യത്തിലും നടപടികൾ വേഗം പൂർത്തിയാക്കാൻ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

3. കരാറുകാരുടെ അംഗത്വം : മറ്റെല്ലാ തൊഴിൽ മേഖലയിലുമെന്നപോലെ മാധ്യമരംഗത്തും സ്ഥിരം നിയമന വ്യവസ്ഥയേറെ കുറെ ഇല്ലാതാവുകയും കരാർ നിയമനം വ്യാപകമാവുകയാണെന്ന് അങ്ങേക്കും അറിയുന്നതാണല്ലോ. പുതിയ തൊഴിൽ കോഡുകളടക്കം കേന്ദ്ര സർക്കാർ ചട്ടങ്ങളും കരാർ നിയമനത്തിന് പോത്സാഹനവും സാധുതയും നൽകുന്ന വിധത്തിലാണ്. ഇതോടെ സ്ഥിരം നിയമനങ്ങൾ പൂർണ്ണമായും ഇല്ലാതാകുന്ന സ്ഥിതിയാണ്. ഭാവിയിൽ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത വിധത്തിൽ പുതിയ അംഗങ്ങൾ ഇല്ലാതാകുന്ന അവസ്ഥാ വിശേഷമാവും ഇതോടെ സംജാതമാകുക. ഈ സാഹചര്യത്തിൽ, നിശ്ചിത കാലമെങ്കിലും സേവനം പൂർത്തിയാക്കിയ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന മാധ്യമ പ്രവർത്തകരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി ആവശ്യമാണ്.

( Contd... 2 )

**VicePresidents:** P.V.KUTTAN,9447160131,Kairali,Kozhikode. NISHAPURUSHOTHAMAN,9895701670,ManoramaNews,Ernakulam.
**Secretaries:** T.P.PRASANTH,9947223377,Kairali,Kottayam. SREELAPILLAI,8139053299,Thiruvananthapuram.
SHABANA SIYAD, 9447590001, Media One, Ernakulam. **Treasurer :** SURESH BABU.P, 944732317, Matrubhumi , Idukki.

President
K.P. Reji
Mob: 9645006328
Madhyamam, Thiruvananthapuram.
kprejiforu@gmail.com

KUWJ

# Kerala Union of Working Journalists

State Committee, Thiruvananthapuram
Reg. No. 225/68, Kesari Buildings, Pulimoodu, Tvpm - 695 001.
Email : statekuwj@gmail.com Website : www.kuwj.org

General Secretary
E.S.Subhash
Mob: 9447186884
Deshabhimani, Ernakulam
essubhashdesh@gmail.com

4. കുടിശിക : പെൻഷൻ പദ്ധതിയിലേക്കുള്ള അംശാദായം അടയ്ക്കുന്നത് ഓൺലൈൻ വഴിയാക്കുന്നതിന് പബ്ലിക്ക് റിലേഷൻസ് വകുപ്പ് നടപടി പൂർത്തിയാക്കു വരുകയാണല്ലോ. സ്വാഗതാർഹമാണ് ഈ നീക്കം. ആറുമാസത്തിലധികം കുടിശിക വന്ന് പദ്ധതി അംഗത്വം മുടങ്ങി കിടക്കുന്നവർക്ക് കുടിശിക അടച്ച് അംഗത്വം പുതുക്കുവാൻ ഒരവസരം കൂടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

5. പുതിയ അപേക്ഷകൾ : കഴിഞ്ഞ സർക്കാരിന്റെ നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച അദാലത്തിൽ പാസാക്കിയ അപേക്ഷകളിൽ ഒട്ടേറെ പേർക്ക് ഇനിയും പാസ്ബുക്ക് ലഭ്യമാവാനുണ്ട്. അതേപോലെ അംഗത്വത്തിനുള്ള നൂറുകണക്കിന് അപേക്ഷകൾ കെട്ടികിടക്കുന്നുമുണ്ട്. ഇവയിൽ ത്വരനടപടിയുണ്ടാവേണ്ടതുണ്ട്. കെട്ടികിടന്ന അപേക്ഷകൾ തീർക്കാൻ വർഷങ്ങൾക്ക് മുൻപ് ചെയ്തതുപോലെ ജില്ലാതല അദാലത്തുകളും പരിഗണിക്കാവുന്നതാണ്.

6. തേജസ് ജീവനക്കാരുടെ അംഗത്വം : മാനേജ്മെന്റ് അടച്ചു പൂട്ടിയ തേജസ് ദിനപത്രം ജീവനക്കാർക്ക് പെൻഷൻ അംഗത്വം അനുവദിച്ചെങ്കിലും പലർക്കും അംശാദായം അടച്ചുതുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇവർ പുതിയതായി ചേർന്ന ജോലി സ്ഥാപനങ്ങൾ പി.ആർ.ഡിയിൽ നിന്ന് ആവശ്യപ്പെടുന്ന തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ വിസമ്മതിക്കുകയാണ്. തേജസ് ജീവനക്കാർക്കു നേരത്തെ അനുവദിച്ച സമയപരിധി നീട്ടി നൽകുന്നതടക്കം അനുഭാവപൂർണമായ നടപടി ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

7. നേരത്തെ വിരമിച്ചവരുടെ അംഗത്വം : വ്യക്തിപരമായും തൊഴിൽപരമായുമുള്ള പ്രശ്നങ്ങൾ കാരണം നേരത്തെ ജോലി നിർത്തേണ്ടിവന്ന നിരവധി അംഗങ്ങൾ രണ്ടുപതിറ്റാണ്ടിലേറെയായി അംശാദായം അടച്ചുവരുന്നവരായിട്ടും പദ്ധതിയിൽ നിന്നും പുറത്താവുന്ന സാഹചര്യമുണ്ട്. മാധ്യമരംഗത്തെ പുതിയ പ്രതിസന്ധികളുടെ കാലത്ത് ഇത്തരം ആളുകൾ കൂടി വരാനിട ആയതിനാൽ ഇവരുടെ കാര്യത്തിലും അനുഭാവപൂർണമായ നടപടി പ്രതീക്ഷിക്കുന്നു.

8. പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായപരിധി 58 വയസ്സാണെന്നിരിക്കെ അംശാദായം അടക്കുന്നതും 58 വയസ്സുവരെയാക്കുക. നിലവിൽ 60 വയസ്സിൽ വിരമിക്കുന്നവർ അതുവരെ അംശാദായം അടക്കണമെന്നാണ് വ്യവസ്ഥ. 58വസസ്സ്വരെ അംശാദായം അടച്ച് വിരമിച്ചവർക്കും 60 വസസ്സിൽ വിരമിക്കുന്നവർക്കും ലഭിക്കുന്ന പെൻഷൻ തുക ഒന്നാണ്.

9. പെൻഷൻ അർഹമായ പ്രായം 58 ആണെന്നിരിക്കെ 60 വയസ് വിരമിക്കൽ പ്രായമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ 58 വയസിൽ വി.ആർ.എസ് എടുക്കുകയാണെങ്കിൽ അവർക്കും പെൻഷൻ അനുവദിക്കണം. 58 വയസ്സുവരെ അംശാദായം ഇവരും അടച്ചിട്ടുണ്ടാവും.

മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ അനുഭാവപപൂർവ്വം പരിഗണിക്കുകയും ആവശ്യമായ ചട്ടം ഭേദഗതി വരുത്തണമെന്നും അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ,

**കെ. പി. റെജി**
പ്രസിഡണ്ട്

**ഇ. എസ്. സുഭാഷ്**
ജനറൽ സെക്രട്ടറി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

നമ്പർ. എച്ച്1/166/2019/ഐ&പി.ആർ.ഡി 04/07/2021, തിരുവനന്തപുരം

**കൺവീനർ**
പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങൾ
പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി

**സെക്രട്ടറി,** ധനകാര്യ വകുപ്പ്
**സെക്രട്ടറി,** നിയമ വകുപ്പ്
**സെക്രട്ടറി,** തൊഴിലും നൈപുണ്യവും വകുപ്പ്
**ശ്രീ വി.എം. സുരേഷ്,** പ്രസിഡന്റ്, കെ.യു.ഡബ്ല്യു.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.
**ശ്രീ എം. പത്മനാഭൻ,** വിരമിച്ച മുതിർന്ന മാധ്യമപ്രവർത്തകൻ(മാധ്യമം), തൃശ്ശൂർ

സർ,

**വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ പ്രഥമ യോഗം - സംബന്ധിച്ച്.**

സൂചന:- 28.05.2020-ലെ സ.ഉ. (സാധാ) നം. 65/2020/ഐ&പി.ആർ

പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം രൂപീകരിച്ച സമിതിയുടെ പ്രഥമയോഗം, സമിതി അധ്യക്ഷനായ ഐ & പി ആർ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ**2 0 2 1 ജൂലൈ 16-ാം തീയതി രാവിലെ 11. 0 0 മണിക്ക് ഡയറക്ടറേറ്റിൽ** ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ അംഗങ്ങൾ കൃത്യമായി പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

ധന - നിയമ - തൊഴിൽ വകുപ്പുകളിൽ നിന്ന് സൂചന പ്രകാരമുള്ള പ്രതിനിധിയെ യോഗത്തിനായി നിയോഗിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. സൂചന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
**കെ സന്തോഷ് കുമാർ**
**അഡിഷണൽ ഡയറക്ടർ**
(കൺവീനർ)

അംഗീകാരത്തോടെ

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സി.എ
ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

നമ്പർ.എച്ച്1/166/2019-ഐ.&പി.ആർ.ഡി. 08/07/2021,തിരുവനന്തപുരം

**ഡയറക്ടർ**

**എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും**
**എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും**
**ഡെപ്യൂട്ടി ഡയറക്ടർ / ഇൻഫർമേഷൻ ഓഫീസർ, ന്യൂ ഡൽഹി**

സർ,

**വിഷയം:- ഐ.&പി.ആർ.ഡി.- പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം പരിഷ്കരണവുമായി ബന്ധപ്പെട്ട സമിതിയുടെ പ്രഥമയോഗം - ചട്ടം പരിഷ്കരണ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.**

സൂചന :- 16.8.1993-ലെ സ ഉ (പി ) നം.7/93 /പി ആർ

സൂചനയിൽ പരാമർശിച്ചിരിക്കുന്ന പത്രപ്രവർത്തകക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ചട്ടത്തിൽ എന്തെല്ലാം ഭേദഗതികൾ/കൂട്ടിച്ചേർക്കലുകൾ ആവശ്യമാണെന്നതു സംബന്ധിച്ച അഭിപ്രായവും അപേക്ഷ തയ്യാറാക്കുമ്പോൾ/ പരിശോധിക്കുമ്പോൾ/ശുപാർശ ചെയ്യുമ്പോൾ, താങ്കൾ/മാധ്യമപ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രായോഗികപ്രശ്നങ്ങളുണ്ടെങ്കിൽ അവയും **2021 ജൂലൈ 14-നകം** രേഖാമൂലം ഈ ഓഫീസിൽ അറിയിക്കാവുന്നതാണ്. വിവരങ്ങൾ unicode-ൽ തയ്യാറാക്കി, word & pdf formatൽ താഴെ പറയുന്ന ഇ-മെയിലിലും അയക്കണം.

Email: iandprdhsection@gmail.com

വിശ്വസ്തതയോടെ,
K Santhosh Kumar
Additional Director
(ഡയറക്ടർക്കു വേണ്ടി)

അംഗീകാരത്തോടെ,

**സെക്ഷൻ ഓഫീസർ**

**<u>കേരള പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി</u>**

**<u>ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ പ്രഥമയോഗം</u>**

2021 ജൂലൈ 16 വെള്ളിയാഴ്ച, രാവിലെ 11 മണി, ഐ & പി ആർ ഡി ഡയറക്ടറേറ്റ്

**അജണ്ട**

1) നിലവിലുള്ള ചട്ടം, വരുത്തേണ്ട മാറ്റങ്ങൾ എന്നിവ സംബന്ധിച്ച ചർച്ച

2) വിവിധ കാലങ്ങളിൽ ചട്ടത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തു കൊണ്ട് (പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർത്തുകൊണ്ടോ/ നിലനിന്നവ റദ്ദാക്കിക്കൊണ്ടോ മാറ്റം വരുത്തിക്കൊണ്ടോ) ഇറങ്ങിയ ഉത്തരവുകൾ സംബന്ധിച്ച് .

3) ചട്ടം പരിഷ്കരണവുമായി ബന്ധപ്പെട്ട് കെ. യു. ഡബ്ലിയു. ജെ 05.06.2021 തീയതിയായി സമർപ്പിച്ച നിവേദനം സംബന്ധിച്ച ചർച്ച

4) പത്രപ്രവർത്തകേതര പെൻഷനുമായി ബന്ധപ്പെട്ട് 2 0 2 1 ജൂൺ 24ന നടന്ന ഉപസമിതി യോഗത്തിൽ ചർച്ച ചെയ്ത ചില വ്യവസ്ഥകൾ പത്രപ്രവർത്തക പെൻഷൻ പദ്ധതിയിലും ബാധകമാക്കുന്നത് സംബന്ധിച്ച ചർച്ച

5) ചട്ടം പരിഷ്കരിക്കുന്ന വിഷയത്തിൽ മേഖലാ ഡി.ഡി-മാർ/ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർ/ബന്ധപ്പെട്ട മറ്റുള്ളവർ ലഭ്യമാക്കിയ അഭിപ്രായങ്ങൾ സംബന്ധിച്ച ചർച്ച

6) പുതിയ തസ്തികകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്

7) പെൻഷൻ പദ്ധതി ഓൺലൈൻ ആക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ

8) അദ്ധ്യക്ഷൻ അനുവദിക്കുന്ന മറ്റ് വിഷയങ്ങൾ

02/08/2021

S Harikishore Ias

Director

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

നമ്പർ. എച്ച്1/166/2019/ഐ&പി.ആർ.ഡി 06/08/2021, തിരുവനന്തപുരം

**കൺവീനർ**
പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ
പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി

**സെക്രട്ടറി,** ധനകാര്യ വകുപ്പ്
**സെക്രട്ടറി,** നിയമ വകുപ്പ്
**സെക്രട്ടറി,** തൊഴിലും നൈപുണ്യവും വകുപ്പ്

സർ,

**വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ പ്രഥമയോഗം ചേരുന്നത്- സംബന്ധിച്ച്.**

സൂചന:- 15.07.2021-ലെ എച്ച്1/166/2019/ഐ&പി.ആർ.ഡി- പാർട്ട് (1) നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം മാറ്റി വച്ചതായി അറിയിച്ചിരുന്ന, പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടം പരിഷ്ക്കരികരണവുമായി ബന്ധപ്പെട്ട സമിതിയുടെ പ്രഥമയോഗം **2021 ആഗസ്റ്റ് 13-ാം തീയതി രാവിലെ 11.00 മണിക്ക് ഡയറക്ടറേറ്റിൽ** ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ താങ്കൾ കൃത്യമായി പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു. അജണ്ട ഇതോടൊപ്പം ഉളളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
കെ അബ്ദുൽ റഷീദ്
അഡിഷണൽ ഡയറക്ടർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സി.എ
ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

H

റഫ് 53/2016/ഡിഐഒസി

ജില്ലാ ഇൻഫർമേഷൻ ആഫീസർ,കണ്ണൂർ

തീയ്യതി 13.07.2021

പ്രേഷിതൻ

ഫോൺ: 0497 2700231 ഇ .മെയിൽ kannurdio@gmail.com

ജില്ലാ ഇൻഫർമേഷൻ ആഫീസർ

കണ്ണൂർ

സ്വീകർത്താവ്

ഡയരക്ടർ

ഐ ആന്റ് പി ആർ ഡി,തിരുവനന്തപുരം

സർ

വിഷയംഃ-ഐപി ആന്റ് ആർഡി-ജീവനക്കാര്യം പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നത്- നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചനഃ-ഐ ആന്റ് പി ആർ ഡി ഡയരക്ടറുടെ 08.07.2021ലെ എച്ച്1/166/2019/ഐ & പി ആർഡി നമ്പർ കത്ത്

മേൽ സൂചനയിലേക്ക് മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. പത്രപ്രവർത്തക പെൻഷൻ പദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നു

വിശ്വസ്തതയോടെ

ജില്ലാ ഇൻഫർമേഷൻ ആഫീസർ

കണ്ണൂർ

**പത്രപ്രവർത്തകക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

<u>പെൻഷൻ അംഗത്വം</u>

1. സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ മതിയാകും

2. മാധ്യമ സ്ഥാപനങ്ങളിൽ സ്ഥിരനിയമനം ഏറെക്കുറെ അവസാനിച്ചുകഴിഞ്ഞു. ഭൂരിപക്ഷം സ്ഥാപനങ്ങളും കരാർ നിയമനമാണ് നടത്തുന്നത്. അതിനാൽ രേഖകൾ കൃത്യമായി ഉള്ള കരാർ ജീവനക്കാരെ കൂടി ജേർണലിസ്റ്റ് പെൻഷൻ/ നോൺ ജേർണലിസ്റ്റ് പെൻഷൻ അംഗത്വത്തിന് പരിഗണിക്കണം. (ഇ എസ് ഐ, പിഎഫ് പോലുള്ളവ യോഗ്യത മാനദണ്ഡമായി നിശ്ചയിക്കാം). നേരത്തെ അച്ചടി മാധ്യമത്തിൽ ആയിരിക്കെ അംഗത്വം നേടി പിന്നീട് കോൺട്രാക്ട് ആയ നിരവധി പേർ ക്ഷേമനിധിയിൽ തുടരുന്നുമുണ്ട.ഇത് വിവേചനപരമാണ്.

3. അപേക്ഷയുടെ മാതൃകയോടൊപ്പം ആവശ്യമായ രേഖകൾ സംബന്ധിച്ച വിവരങ്ങൾ ചേർത്ത് ഫോർമാറ്റ് ഉണ്ടാക്കുന്നത് നല്ലതാണ്. അപേക്ഷ പ്രോസസ് ചെയ്യുമ്പോൾ അപാകത/പോരായ്മ വരുന്നത് ഒഴിവാക്കാൻ സഹായകമാവും.

4. അപേക്ഷയിൽ തന്നെ സ്ഥാപനം വേജ് ബോർഡ് നടപ്പാക്കിയതാണോ എന്ന ഭാഗം ഉൾപ്പെടുത്തി സ്ഥാപനം സാക്ഷ്യപ്പെടുത്തുന്ന രീതി വേണം. ഇത് ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് പരിശോധിക്കാൻ അധികാരപരിധി അനുസരിച്ച് കഴിയുന്നതല്ല. അനൗദ്യോഗികമായി മനസ്സിലാക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്.

<u>പെൻഷൻ അപേക്ഷ</u>

1. ജോലി ചെയ്ത എല്ലാ സ്ഥാപനങ്ങളിൽ നിന്നും എംപ്ലോയ്മെന്റ്/റിട്ടയർമെന്റ് സർട്ടിഫിക്കറ്റ് വേണമെന്ന പുതിയ വ്യവസ്ഥ അപ്രായോഗികമാണ്. പല കാരണങ്ങളാൽ സ്ഥാപനം മാറിയവർക്ക് ഏറെകാലം കഴിഞ്ഞ് മുമ്പ് ജോലി ചെയ്ത സ്ഥാപനത്തിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭിക്കുക ദുഷ്കരമാണ്. ഒടുവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള എംപ്ലോയ്മെന്റ്/റിട്ടയർമെന്റ് സർട്ടിഫിക്കറ്റ് മതിയാകും. വർഷാവർഷം സർട്ടിഫിക്കറ്റ് വാങ്ങി നൽകിയാണ് അംഗത്വം നിലനിർത്തുന്നത്.

2. റിട്ടയർ ചെയ്ത് പെൻഷന് അപേക്ഷിക്കുമ്പോൾ 25-30 വർഷം മുമ്പത്തെ അപ്പോയിന്റ്മെന്റ് ഓർഡർ ചോദിക്കുന്നത് അനൗചിത്യമാണ്. അത് ഒഴിവാക്കണം.

3. എസ് എസ് എൽ സി ബുക്കിലെ വിലാസം വ്യത്യസ്തമാണെങ്കിൽ വൺ ആന്റ്

സെയിം സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിലും അനൗചിത്യമുണ്ട്. നിലവിലുള്ള വിലാസം തെളിയിക്കുന്നതിന് ഏതെങ്കിലും ഔദ്യോഗികരേഖ (ആധാർ, ഇലക്ഷൻ ഐ ഡി തുടങ്ങിയവ) ആവശ്യപ്പെട്ടാൽ മതിയാകും.

5. റിട്ടയർമെന്റ്/എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നിയമനാധികാരി ഒപ്പിടണമെന്നാണ് വ്യവസ്ഥ. ഓരോ സ്ഥാപനത്തിലും ഇത് വ്യത്യസ്തമാണ്. ജേർണലിസ്റ്റുകളെയും നോൺ ജേർണലിസ്റ്റുകളെയും നിയമിക്കുന്നത് ഒരേ സ്ഥാപനത്തിൽ തന്നെ വ്യത്യസ്ത രീതിയും ഉണ്ട്. അതിനാൽ സർട്ടിഫിക്കറ്റിൽ നിയമനാധികാരി ആര് എന്ന വിവരം കൂടി ഉൾപ്പെടുത്തി ഫോർമാറ്റ് പുതുക്കുന്നത് നന്നാവും. പിന്നീട് ഡയറക്ടറേറ്റിൽ നിന്ന് സംശയം പ്രകടിപ്പിക്കുന്നതും അതുവഴിയുള്ള കാലതാമസവും ഒഴിവാക്കാൻ ഇത് സഹായകമാക്കും

District Information Officer
KANNUR

1X

150 YEARS OF CELEBRATING THE MAHATMA

"ഭരണഭാഷ മാതൃഭാഷ"

നമ്പർ: 189/2021/പിആർകെ


മേഖലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്
ഐ & പിആർഡി കണ്ണൂർ
ഇ-മെയിൽ : ddprdknr@gmail.com
ഫോൺ: 04972760725

തീയ്യതി : 15/07/2021

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
ഐ & പിആർഡി
കണ്ണൂർ

ഡയറക്ടർ
ഐ&പിആർഡി
തിരുവനന്തപുരം

സർ,

വിഷയം : പത്രപ്രവർത്തക പെൻഷൻ പദ്ധതി- ചട്ടം പരിഷ്കരണ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന : ഡയറക്ടറുടെ 08/07/21ലെഎച്ച്1/166/2019/ഐ&പിആർഡി നം. കത്ത്.

മേൽ വിഷയം ശ്രദ്ധിച്ചാലും. സൂചന പ്രകാരം ലഭ്യമാക്കാൻ നിർദ്ദേശിച്ച വിവരങ്ങൾ ഇതോടൊപ്പം സമർപ്പിക്കുന്നു .

വിശ്വസ്തതയോടെ

Office Of The Regional Deputy Director ★ Information & Public Relations Dept. Kannur

SUGATHAN. E.V
Regional Deputy Director
Information and Public Relations Dept
Kannur

## പരിഷ്കരണ നിർദേശങ്ങൾ

പത്രപവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കാൻ സർക്കാർ തീരുമാനിക്കുകയും അതിനായി ഒരു സമിതി രൂപീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ചില പ്രായോഗിക പ്രശ്നങ്ങൾ സമിതിയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

(1) മാധ്യമങ്ങൾ പലതും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നവയാണ്. മാധ്യമ പ്രവർത്തകരുടെ പെൻഷൻ പ്രായം 55,58,60 എന്നിങ്ങനെ വ്യത്യസ്തമായാണ് നിഷ്കർഷിച്ചിട്ടുള്ളത്.58 വയസ്സുവരെ പെൻഷൻ വിഹിതം അടയ്ക്കുക എന്നതാണ് പിആർഡി ചട്ടം.

55ൽ പെൻഷനാകുന്നവർ 58 വയസ്സുവരെ പെൻഷൻ അടച്ചും 58ൽ പെൻഷനാകുന്നവർ തത്വേളയ്ക്ക് മുമ്പും 60ൽ പെൻഷനാകുന്നവർ 58 വരെ അടച്ച് 60 ആകുന്നതിന് മുമ്പും അപേക്ഷ നൽകാറുണ്ട്.

ഇത് സംബന്ധമായ അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്.ആയത് പരിഹരിക്കപ്പെടണം.60 വയസ്സുവരെ ജോലിയിൽ തുടരുന്നവർ അതുവരെയും വിഹിതം അടച്ചുപോരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇങ്ങനെ അടച്ചവർ കൂടുതലായി അടച്ച തുക തിരികെ ലഭിക്കാൻ കത്തയച്ചിട്ടുള്ളതും യാഥാർത്ഥ്യമാണ്.ആയതിനാൽ പെൻഷൻ കമ്മറ്റി ഇക്കാര്യത്തിൽ വ്യക്തമായ നയരൂപീകരണം നടത്തണം.

(2) കൺഫർമേഷൻ ലഭിച്ച് ആറുമാസത്തിനകം പെൻഷൻ സ്കീമിൽ ഉൾപ്പെടാൻ അപേക്ഷിക്കണം എന്നാണ് വ്യവസ്ഥ. താത്കാലികമായി അത് നീക്കിയിട്ടുണ്ടെങ്കിലും ചട്ടം പരിഷ്കരിക്കുമ്പോൾ ഇതിലും പരിഷ്കാരമുണ്ടാവണം.

(3) മാധ്യമപ്രവർത്തകരുടെ പെൻഷൻ സംബന്ധമായ തീരുമാനങ്ങൾ ലഭ്യമാകാറില്ലെന്ന പത്രപ്രവർത്തക യൂണിയൻ ഭാരവാഹികളുടെ പരിഭവം ശ്രദ്ധയിൽ പെടുത്തുന്നു.

(4) കോവിഡ് സാഹചര്യത്തിൽ മിക്ക മാധ്യമ പ്രവർത്തകർക്കും തൊഴിൽ ഭീഷണിയുണ്ട്. പുറത്തായവരുമുണ്ട്.എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റോ,പേ സ്ലിപ്പോ ലഭ്യമാക്കാൻ കഴിയാത്ത ഇത്തരം മാധ്യമപ്രവർത്തകരുടെ അവസ്ഥയിൽ വ്യക്തമായ നയരൂപീകരണം ഉണ്ടാകണം.

(5) പെൻഷൻ പാസ്ബുക്കുകൾ നഷ്ടപ്പെടുന്നവർ,ഒരു പത്രത്തിൽ നിന്ന് മറ്റൊരു പത്രത്തിലേക്ക് മാറി പോകുന്നവർ എന്നിവർക്കു വേണ്ടി കത്തയച്ചാൽ പുതിയ പാസ്ബുക്ക് ലഭ്യമാകാൻ വലിയ കാലതാമസമുണ്ടാകുന്നു.ചിലപ്പോൾ കിട്ടുന്നുമില്ല. പത്രസ്ഥാപനത്തിന്റെ കാര്യത്തിൽ തിരുത്തൽ ലഭിക്കാതെ വരുന്നത് പെൻഷനാകുന്ന വേളയിൽ ദുരിതമാകുന്നത് പരിഹരിക്കപ്പെടണം.

Office Of The Regional Deputy Director * Information & Public Relations Dept. * Kannur

SUGATHAN. E.V
Regional Deputy Director
Information and Public Relations Dept.
Kannur

17

**ഭരണഭാഷ മാതൃഭാഷ**

നമ്പർ 144/2021/ആർഡിഡി/തൃശൂർ

റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
സിവിൽ സ്റ്റേഷൻ, തൃശൂർ
തീയതി: 13/07/2021
ഫോൺ: 0487-2360848

പ്രേഷകൻ

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ്
തൃശൂർ

സ്വീകർത്താവ്

ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് (എച്ച് 1)
തിരുവനന്തപുരം

സർ,

വിഷയം: പത്രപ്രവർത്തക പെൻഷൻ പദ്ധതി - 1993 ലെ ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) എച്ച് 1/166/2019/ഐ&പി.ആർ.
തീയതി 08/07/2021

സൂചന ഒന്നിൽ ആവശ്യപ്പെട്ടതിൻ പ്രകാരം പത്രപ്രവർത്തക പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട 1993 ലെ ചട്ടം പരിഷ്കരിക്കുന്നതിനോടനുബന്ധിച്ചുള്ള അഭിപ്രായങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. കൂടാതെ വർഷങ്ങളായി തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് 2017 ൽ നടത്തിയതിന് സമാനമായി ഒരു അദാലത്ത് നടത്താവുന്നതാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഓരോ ജില്ലകൾക്കും നിശ്ചിത സമയം നൽകി ബന്ധപ്പെട്ട അപേക്ഷകരെയും ഉൾപ്പെടുത്തി ഓൺലൈനായി അദാലത്ത് നടത്താവുന്നതാണ്. ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

[signature]

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

1) ചുരുങ്ങിയത് 10 വർഷം സർവ്വീസുള്ളവർക്ക് മുഴുവൻ പെൻഷനും അഞ്ച് വർഷം സർവ്വീസുള്ളവർക്ക് പകുതി പെൻഷനും അർഹതയുണ്ടെന്ന് ചട്ടത്തിലുണ്ട്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വ്യക്തത വരുത്തേണ്ടതുണ്ട്.

2) ചട്ടം മൂന്ന് (എ) പ്രകാരം പത്രപ്രവർത്തകൻ എന്ന നിർവ്വചനത്തിന് മാറ്റം വരുത്തേണ്ടതാണ്. സ്വകാര്യ ദൃശ്യ-ശ്രാവ്യ-ഓൺലൈൻ മാധ്യമങ്ങളിലെ 'മാധ്യമപ്രവർത്തകർ' എന്ന രീതിയിൽ നിർവ്വചിക്കാവുന്നതാണ്.

3) ചട്ടം മൂന്ന് ഡി പ്രകാരം തുടർച്ചയായോ അല്ലെങ്കിൽ ഇടവേളകളോട് കൂടിയോ ജോലി ചെയ്ത കാലയളവാണ് സേവന കാലയളവായി കണക്കാക്കുന്നത്. എന്നാൽ ഒരു സ്ഥാപനത്തിൽ നിന്നും മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറുന്നതിനുള്ള ചെറിയ ഇടവേളകളിൽ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റോ, പേസ്ലിപ്പോ ലഭ്യമാകാതിരിക്കുകയോ ഇക്കാരണത്താൽ അംശാദായം അടയ്ക്കാൻ കഴിയാതിരിക്കുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടാവാറുണ്ട്. ഇക്കാര്യത്തിന് പരിഹാരമുണ്ടാവേണ്ടതാണ്.

7) നമ്പർ ഏഴ് (2) അംഗത്വം റദ്ദായവർക്ക് പുനഃസ്ഥാപിക്കാൻ നിബന്ധനകൾ വ്യക്തമാക്കണം.

7 (3) കുടിശ്ശിക അംശാദായമടയ്ക്കാൻ ന്യായമായ കാരണങ്ങളാൽ ഒരിക്കൽ മാത്രം മുടക്കം വന്നാൽ കുടിശ്ശിക ഒടുക്കി എത്രയും പെട്ടെന്ന് അംഗത്വം പുതുക്കാൻ അവകാശം നൽകേണ്ടതാണ്.

8) അംശാദായം സ്വീകരിക്കുന്നതിൽ പ്രായം ഒരു ഘടകമായി നിലവിൽ അനുവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യം ചട്ടത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

9) അംശാദായം ട്രഷറിയിലും അടയ്ക്കാമെന്നുണ്ട്. ഇത് ഒഴിവാക്കി ഏകീകൃത മാനദണ്ഡമുണ്ടാവുകയാണ് ഉചിതം.

9) ഡ്യൂപ്ലിക്കെറ്റ് പാസ് ബുക്കിന് പുതുക്കിയ തുക നിശ്ചയിക്കാവുന്നതാണ്.

14) പെൻഷനാവുന്നതിന് മൂന്ന് മാസം മുൻപ് പെൻഷൻ അപേക്ഷ നൽകിയിരിക്കണമെന്നത് നിഷ്കർഷിക്കണമോയെന്നത് സംബന്ധിച്ച് വ്യക്തത വരുത്താവുന്നതാണ്.

14) സ്ഥാപന ഉടമയിൽ നിന്നുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ലഭ്യമല്ലെങ്കിൽ ജില്ലയിലെ വർക്കിങ് ജേണലിസ്റ്റ് യൂണിയൻ സെക്രട്ടറി /പ്രസിഡന്റ് എന്നിവരിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കാമെന്നുണ്ട്. KUWJ യിലല്ലാതെ KJU പോലത്തെ സംഘടനയിൽ അംഗമായവർക്കും തുടർന്ന് രൂപീകൃതമാവാൻ സാധ്യതയുള്ള യൂണിയനുകളെ സംബന്ധിച്ചുമെല്ലാം വ്യക്തതയുണ്ടാവാൻ 'വർക്കിങ് ജേണലിസ്റ്റ് യൂണിയൻ' എന്ന വാക്ക് നിർവ്വചിക്കുന്നത് ഉചിതമായിരിക്കും.

14 (2) കുടുംബ പെൻഷന് അപേക്ഷിക്കുമ്പോൾ ആവശ്യമായ രേഖകൾ ചട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

16) പെൻഷൻ അപേക്ഷ നിരസിക്കുന്നതിനും കാലാവധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കും.

18) കുടുംബ പെൻഷനായി പെൻഷന്റെ 50 ശതമാനം നൽകണമെന്ന വ്യവസ്ഥ പാലിക്കപ്പെടേണ്ടതാണ്.

1) അനുബന്ധം ഒന്ന്, രണ്ട് - അംഗത്വത്തിനും പെൻഷനുമുള്ള അപേക്ഷകളിൽ മാനേജ്മെന്റ് / യൂണിയൻ പ്രതിനിധി മേലൊപ്പ് വെയ്ക്കുന്ന രീതിയിൽ (അനുബന്ധം ഒന്നും മൂന്നും, രണ്ടും മൂന്നും) ഒരൊറ്റ അപേക്ഷയിൽ ഒതുക്കാവുന്നതാണ്. അപേക്ഷകൾ അതത് ഓഫീസിൽ സമർപ്പിക്കുമ്പോൾ വെള്ളപേപ്പറിൽ എഴുതിയ ഒരു അപേക്ഷയും ഉൾപ്പെടുത്താവുന്നതാണ്.

നം. 25692/സി2/2016/ഐ&പി.ആർ തീയതി 4/5/17 സർക്കുലർ പ്രകാരം ജോലി ചെയ്ത എല്ലാ സ്ഥാപനങ്ങളിലേയും എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് 1993 ലെ ചട്ടത്തിൽ പറഞ്ഞിരിക്കുന്ന സേവന കാലാവധിക്ക് വിരുദ്ധമാണ്.

പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി അംഗത്വത്തിൽ നിന്നും പത്രപ്രവർത്തക അംഗത്വത്തിലേയ്ക്ക് മാറുന്നതിനുള്ള അപേക്ഷകളിൽ സത്വര നടപടിയുണ്ടാവേണ്ടതാണ്.

- ഇന്ത്യാവിഷൻ ചാനലിലെ റിപ്പോർട്ടർമാർക്ക് മാനുകൂല്യം ലഭിക്കാനുള്ളതുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നിലവിലുണ്ട്. ഇവർ തുടർന്നും അംശാദായം അടയ്ക്കുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകേണ്ടതാണ്. മറ്റ് ചില സ്ഥാപനങ്ങളിലും ഇത്തരത്തിൽ മാനേജ്മെന്റുമായുള്ള കേസുകൾ നടക്കുന്നുണ്ട്.
- പെൻഷൻ പദ്ധതി അംഗത്വ അപേക്ഷകൾ സ്വീകരിക്കുമ്പോൾ വേജ് ബോർഡ് നടപ്പാക്കിയ സ്ഥാപനമാണോയെന്ന് പരിശോധിക്കണമെന്നുണ്ട്. സായാഹ്ന - മധ്യാഹ്ന പത്രങ്ങളുടെ കാര്യത്തിലും മറ്റ് പത്രങ്ങളുടെ കാര്യത്തിലും ഇതുമായി ബന്ധപ്പെട്ട കൃത്യമായ രേഖയെന്താണെന്ന് ചട്ടത്തിൽ വ്യക്തമാക്കാവുന്നതാണ്.

(ഒപ്പ്)

മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

നമ്പർ. എച്ച്1/166/2019/ഐ&പി.ആർ.ഡി 11/08/2021, തിരുവനന്തപുരം

**കൺവീനർ**
പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ
പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി

**സെക്രട്ടറി,** ധനകാര്യ വകുപ്പ്
**സെക്രട്ടറി,** നിയമ വകുപ്പ്
**സെക്രട്ടറി,** തൊഴിലും നൈപുണ്യവും വകുപ്പ്

സർ,

**വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം മാറ്റി വയ്ക്കുന്നത്- സംബന്ധിച്ച്.**

സൂചന:- 06.08.2021-ലെ എച്ച്1/166/2019/ഐ&പി.ആർ.ഡി നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പത്രപ്രവർത്തക ക്ഷേമ-പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി പുനഃസംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലായതിനാൽ ടി സമിതിയുടെ **2021 ആഗസ്റ്റ് 13-ാം** തീയതിയിൽ ചേരാൻ തീരുമാനിച്ചിരുന്ന യോഗം മാറ്റി വച്ചതായി അറിയിക്കുന്നു.

യോഗതീയതി പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,
പ്രമോദ് കുമാർ കെ ആർ
ഡെപ്യൂട്ടി ഡയറക്ടർ
(കൺവീനർക്കു വേണ്ടി)

അംഗീകാരത്തോടെ

**സെക്ഷൻ ഓഫീസർ**

പകർപ്പ്:- ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സി.എ
ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ വകുപ്പ് / ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
അക്കൗണ്ട്സ് ഓഫീസർ, ഐ&പി.ആർ വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് കോപ്പി

H1 Section

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിവര പൊതുജന സമ്പർക്ക വകുപ്പ് - കേരള പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടങ്ങളിൽ വിവിധ ഉത്തരവുകൾ വഴി കൊണ്ട് വന്ന മാറ്റങ്ങൾ ഉൾപെടുത്തുന്നതിനും ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും രൂപീകരിച്ച നിലവിലെ സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിവര പൊതുജന സമ്പർക്ക ( എച്ച് ) വകുപ്പ്**

സ.ഉ.(സാധാ) നം.138/2021/ഐ & പി.ആര് തീയതി,തിരുവനന്തപുരം, 06/09/2021

---

പരാമർശം:- 1. സ .ഉ. (സാധാ) നം .79/2019 /ഐ.&പി.ആർ.ഡി. തീയതി 20/05/2019.

2. സ .ഉ. (സാധാ) നം .65/2020 /ഐ.&പി.ആർ.ഡി തീയതി 28/05/2020.

3. കെ.യു.ഡബ്ള്യു.ജെ ജനറൽ സെക്രട്ടറിയുടെ 13/07/2021 ലെ കത്ത്.

**ഉത്തരവ്**

ബഹു . മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17/01/2019 -ൽ ചേർന്ന പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതിയുടെ മാനേജിങ് കമ്മിറ്റി 16/08/1993 -ലെ സ. ഉ. (പി)7/93/ പി. ആർ പ്രകാരം പുറപ്പെടുവിച്ച പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടങ്ങൾ കാലത്തിനുസരിച്ച് പരിഷ്കരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും, വിവിധ ഉത്തരവുകൾ വഴി കൊണ്ട് വന്ന മാറ്റങ്ങൾ ചട്ടങ്ങളിൽ ഉൾപെടുത്തുന്നതിനുമായി ഒരു സമിതിയെ നിയമിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ആയത് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനായി സമിതി രൂപീകരിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത സമിതിയിൽ, കേരള പത്രപ്രവർത്തക യൂണിയൻ പ്രതിനിധികളായി, കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ കെ. പി. റെജിയേയും , ജനറൽ സെക്രട്ടറി ശ്രീ ഇ. എസ്. സുഭാഷിനെയും ഉൾപ്പെടുത്തണമെന്ന് പരാമർശം (3 ) ലെ കത്ത് പ്രകാരം കേരള പത്രപ്രവർത്തക യൂണിയൻ ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു . പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (2) പ്രകാരം രൂപീകരിച്ച സമിതിയിലെ കേരള പത്രപ്രവർത്തക യൂണിയൻ പ്രതിനിധിയായ, ശ്രീ വി. എം. സുരേഷിനെയും, മാധ്യമ പ്രതിനിധിയായ ശ്രീ എം. പത്മനാഭനെയും ഒഴിവാക്കി പകരം കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റ് ശ്രീ കെ.പി.റെജിയേയും, ജനറൽ സെക്രട്ടറി ശ്രീ ഇ.എസ്. സുഭാഷിനെയും ഉൾപ്പെടുത്തി നിലവിലെ സമിതിയെ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരിക്കുന്നു.

പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടങ്ങളിൽ വിവിധ ഉത്തരവുകൾ വഴി കൊണ്ട് വന്ന

മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനും കാലത്തിനുസരിച്ച് ചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പരാമർശം 2 പ്രകാരം രൂപീകരിച്ച സമിതി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ - അദ്ധ്യക്ഷൻ

2.വിവര പൊതുജന സമ്പർക്ക വകുപ്പ് അഡീഷണൽ ഡയറക്ടർ (ജനറൽ )-

കൺവീനർ

<u>സർക്കാർ പ്രതിനിധികൾ</u>

3. ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ -അംഗം

4. നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ - അംഗം

5. തൊഴിലും നൈപുണ്യവും വകുപ്പിലെ ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത

ഉദ്യോഗസ്ഥൻ - അംഗം

<u>കേരള പത്രപ്രവർത്തക യൂണിയൻ പ്രതിനിധികൾ</u>

6 . ശ്രീ കെ.പി.റെജി , പ്രസിഡന്റ്, കെ.യു.ഡബ്ല്യു.ജെ - അംഗം

7 . ശ്രീ ഇ.എസ്.സുഭാഷ്, ജനറൽ സെക്രട്ടറി , കെ.യു.ഡബ്ല്യു.ജെ- അംഗം

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീന.എ.എൻ

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:1) അഡീഷണൽ ഡയറക്ടർ (ജനറൽ ), ഐ.&പി.ആർ.ഡി

2) ശ്രീ കെ. പി. റെജി , പ്രസിഡന്റ് , കെ.യു.ഡബ്ല്യു.ജെ

3) ശ്രീ ഇ. എസ്. സുഭാഷ് , ജനറൽ സെക്രട്ടറി , കെ.യു.ഡബ്ല്യു.ജെ

4) ഡെപ്യൂട്ടി ഡയറക്ടർ ( പെൻഷൻ )

5) അക്കൗണ്ട്സ് ഓഫീസർ

6) ഇൻഫർമേഷൻ ഓഫീസർ ( പി. ആർ )

7) ധനകാര്യ വകുപ്പ്

8) തൊഴിൽ വകുപ്പ്

9) നിയമ വകുപ്പ്

10) കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Tessy Jose
Date: 06-09-2021 16:44:29
Reason: Approved

സെക്ഷൻ ഓഫീസർ

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

ഐ&പി.ആർ.( എച്ച് )വകുപ്പ്

നമ്പർ. എച്ച്1/166/2019/ഐ&പി.ആർ. 04/12/2021,തിരുവനന്തപുരം

**കൺവീനർ**

**പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി**

സെക്രട്ടറി, ധനകാര്യ വകുപ്പ്

സെക്രട്ടറി, നിയമ വകുപ്പ്

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

ശ്രീ കെ പി റെജി, പ്രസിഡന്റ്, കെ.യു.ഡബ്ല്യു.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

ശ്രീ ഇ എസ് സുഭാഷ് ജനറൽ സെക്രട്ടറി, കെ.യു.ഡബ്ല്യു.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

സർ,

വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം ചേരുന്നത്- സംബന്ധിച്ച്.

സൂചന:-

പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടം പരിഷ്കരിക്കരണവുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം **2021 ഡിസംബർ 9-ാം തീയതി രാവിലെ 11.30 -ന് ഡയറക്ടറേറ്റിൽ** ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ ബഹു വകുപ്പ് സെക്രട്ടറിമാരുടെ പ്രതിനിധികളെ അയക്കാനും കെ.യു.ഡബ്ല്യു.ജെ പ്രതിനിധികളോട് നേരിൽ വരാനും അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ,

എസ് ഹരികിഷോർ ഐ എ എസ്

ഡയറക്ടർ

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സിഎ

ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സിഎ

ഡെപ്യൂട്ടി സെക്രട്ടറി/ ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)

അക്കൗണ്ട്സ് ഓഫീസർ/ ഇൻഫർമേഷൻ ഓഫീസർ (പി.ആർ)

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

ഐ&പി.ആർ. ( എച്ച്1 ) വകുപ്പ്

നമ്പർ.എച്ച്1/166/2019/ഐ&പി.ആർ. 08/12/2021,തിരുവനന്തപുരം

**കൺവീനർ**

**പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി**

സെക്രട്ടറി, ധനകാര്യ വകുപ്പ്

സെക്രട്ടറി, നിയമ വകുപ്പ്

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

ശ്രീ കെ പി റെജി, പ്രസിഡന്റ്, കെ.യു.ഡബ്ല്യൂ.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

ശ്രീ ഇ എസ് സുഭാഷ് ജനറൽ സെക്രട്ടറി, കെ.യു.ഡബ്ല്യൂ.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

സർ,

വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം ചേരുന്നത്- സംബന്ധിച്ച്.

സൂചന:- 04/12/2021 ൽ ഈ വകുപ്പിൽ നിന്നും അയച്ച ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു, പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടം പരിഷ്കരിക്കരണവുമായി ബന്ധപ്പെട്ട സമിതിയുടെ **2 0 2 1 ഡിസംബർ 9-ാം തീയതി രാവിലെ 11.30 -ന് ഡയറക്ടറേറ്റിൽ** ചേരുവാൻ തീരുമാനിച്ചിരുന്ന യോഗം അന്നേ ദിവസം **വൈകിട്ട് 4** മണിയിലേക്ക് മാറ്റിയിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത യോഗത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ പ്രതിനിധികളെ അയക്കാനും KUWJ പ്രതിനിധികളോട് നേരിൽ വരാനും അഭ്യർത്ഥിക്കുന്നു..

വിശ്വസ്തതയോടെ,
Seleena.a
Accounts Officer

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സിഎ

ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സിഎ

ഡെപ്യൂട്ടി സെക്രട്ടറി/ ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)

അക്കൗണ്ട്സ് ഓഫീസർ/ ഇൻഫർമേഷൻ ഓഫീസർ (പി.ആർ)

H

## കുറിപ്പ്

വിഷയം: പങ്കാളിത്ത പെൻഷൻ ചട്ടം - ഭേദഗതി വരുത്തൽ സംബന്ധിച്ച്

സൂചന : പെൻഷൻ ചട്ട പരിഷ്കരണം സംബന്ധിച്ച സമിതി രൂപീകരണം

പങ്കാളിത്ത പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതിന് സമിതി രൂപീകരിക്കുകയും ആയതിലുള്ള നിർദേശങ്ങൾ സമിതിയുടെ ഉന്നതയോഗം ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട നിർദേശങ്ങളുടെ ഒരു അടിസ്ഥാനത്തിൽ പരിഷ്കരണത്തിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കരട് ഇതോടൊപ്പം സമർപ്പിക്കുന്നു. ബഹു. ഡയറക്ടറുടെ സൂക്ഷ്മപരിശോധനാർത്ഥം. പെൻഷൻ ചട്ട പരിഷ്കരണത്തിനുള്ള സമിതി യോഗം ചേരുന്നതിനായി തീയതി നിശ്ചയിക്കേണ്ടതാണ്.

[signature]
4/6/22
DD Pension

<u>അജണ്ട</u>

| | ചട്ടങ്ങൾ | ഭേദഗതി | ഭേദഗതി ഉത്തരവുകൾ |
|---|---|---|---|
| 1 | ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും | | |
| | (1) ഈ ചട്ടങ്ങൾക്ക് 1993-ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻപദ്ധതി ചട്ടങ്ങൾഎന്ന പേര്പറയാം. | ഈ ചട്ടങ്ങ® ക്ക് 2022ലെ കേരള സംസ്ഥാന **മാധ്യമപ്രവ® ത്തക പെ® ഷ® പദ്ധതി (ഭേദഗതി)** ചട്ടങ്ങ® എന്ന പേ® പറയാം. | |
| | 2) ഇതിന് കേരള സംസ്ഥാനം മുഴവൻവ്യാപ്തി ഉണ്ടായിരിക്കുന്നതാണ്. | ഇതിന് കേരള സംസ്ഥാനം മുഴവൻവ്യാപ്തി ഉണ്ടായിരിക്കുന്ന തും ഈ ചട്ടം നിർവചിക്കുന്ന **കേരള സംസ്ഥാനത്തുനിന്നുള്ള** എല്ലാ വിഭാഗം മാധ്യമപ്രവ® ത്തക® ക്കും ബാധകമായിരിക്കുന്നതുമായിരിക്കും. | |
| | 3) ഈ ചട്ടങ്ങൾഉടനടി പ്രാബല്യത്തിൽവരുന്നതും 1993 ഏപ്രിൽമാസം 30-ാം തീയതിയോ അതിനു ശേഷമോ ജോലിയിൽനിന്ന് വിരമിച്ചവരോ വിരമിക്കുന്നവരോ ആയ എല്ലാ പത്രപ്രവർത്തകർക്കും ഈ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതി പ്രകാരമുള്ള പെൻഷൻആനുകൂല്യങ്ങൾലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. | ഈ ചട്ടങ്ങൾഉടനടി പ്രാബല്യത്തിൽവരുന്നതും 1993 ഏപ്രിൽമാസം 30-ാം തീയതിയോ അതിനു ശേഷമോ ജോലിയിൽനിന്ന് വിരമിച്ചവരോ വിരമിക്കുന്നവരോ ആയ ഈ ചട്ടത്തിന്റെ പരിധിയിൽ വരുന്ന എല്ലാ <u>മാധ്യമ പ്രവർത്തകർക്കും</u> ഈ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി ഈ പദ്ധതി പ്രകാരമുള്ള പെൻഷൻആനുകൂല്യങ്ങൾലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്. | |
| 2 | ലക്ഷ്യങ്ങൾ<br><br>കേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങളിൽവർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചതിന് ശേഷം ജോലിയിൽനിന്ന് വിരമിക്കുന്നവരുടേയും അവരുടെ കുടുംബത്തിന്റേയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതു ലക്ഷ്യമാക്കി അവർക്ക് "കേരള സംസ്ഥാന പത്രപ്രവർത്തക | കേരള സംസ്ഥാനത്തുനിന്നു പ്രസിദ്ധീകരിക്കുന്നതും സംപ്രേഷണം നടത്തുന്നതുമായ മാധ്യമസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരും മറ്റ് സംസ്ഥാനങ്ങളിലെ മലയാള ഭാഷയിലുള്ള മാധ്യമസ്ഥാപനങ്ങൾക്കു വേണ്ടിയോ വിദേശ രാജ്യങ്ങളിലെ മലയാള മാധ്യമ സ്ഥാപനങ്ങൾക്കു വേണ്ടിയോ രാജ്യത്തിനകത്ത് പ്രവർത്തിക്കുന്നവരും ദേശീയതലത്തിലുള്ള <u>ഇംഗ്ലീഷ്</u> മാധ്യമങ്ങളിലും വാർത്താ ഏജൻസികളിലും പത്തോ അതിൽ | 21.11.2006-ലെ സ.ഉ.(സ) 161/06/വി.പൊ.വ. പ്രകാരം ഇംഗ്ലീഷ് പത്രങ്ങളുടെയും ന്യൂസ് ഏജൻസികളുടെയും കാര്യത്തില്കേരളത്തിൽആസ്ഥാനമായി പ്രവർത്തിക്കുന്ന അവയുടെ പത്രപ്രവർത്തകർക്കും സംസ്ഥാനത്തിനു പുറത്തുള്ള അവയുടെ പത്രപ്രവർത്തകർക്കും അംഗത്വം നൽകാൻതീരുമാനിച്ചു. 5 വർഷം |

| | | | |
|---|---|---|---|
| | പെൻഷൻപദ്ധതി"എന്ന പേരിൽഒരു പെൻഷൻപദ്ധതി ഏർപ്പെടുത്തുവാൻഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. | കൂടുതലോ വർഷം കേരളത്തിൽ പ്രവർത്തിക്കുന്നവരുമായ **കേരള സംസ്ഥാനത്തുനിന്നുള്ള** വർക്കിംഗ് ജർണലിസ്റ്റുകൾ സേവനകാലത്തിനു ശേഷം വിരമിക്കുമ്പോൾ അവരുടെയും കുടുംബത്തിെ® റയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതു ലക്ഷ്യമാക്കി 'കേരള സംസ്ഥാന മാധ്യമപ്രവ® ത്തക പെ® ഷ®  പദ്ധതി' എന്ന പേരി®  ഒരു പെ® ഷ®  പദ്ധതി ഏ® പ്പെടുത്തുവാ®  ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. | കേരളത്തിൽസർവ്വീസ് ഉണ്ടെങ്കിൽമാത്രം അവർക്ക് പദ്ധതിയിൽഅംഗത്വം നൽകിയാല്മതി എന്നു തീരുമാനിച്ചിരുന്നു. |
| 3 | നിർവ്വചനങ്ങൾ(എ)<br>"പത്രപ്രവർത്തകൻ"എന്നാൽകേരള സംസ്ഥാനത്തിൽനിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഒന്നോ അതിലധികമോ പത്രത്തിന് വേണ്ടി ജോലി ചെയ്യുന്നവരും, 1955-ലെ വർക്കിംഗ് ജേർണലിസ്റ്റുകളുടേയും മറ്റു വാർത്താ പത്ര ജീവനക്കാരുടെയും (സേവന വ്യവസ്ഥകളും) പലവക വ്യവസ്ഥകളും ആക്ട് (1955-ലെ 45) പ്രകാരം രൂപീകൃതമായിട്ടുള്ള വേജ് ബോർഡിന്റെ പരിധിയിൽവരുന്നവരുമായ എല്ലാ ജേർണലിസ്റ്റുകളും എന്നർത്ഥമാകുന്നു. | (എ) മാധ്യമപ്രവ® ത്തക® /മാധ്യമപ്രവ® ത്തക എന്നാ®  കേരള സംസ്ഥാനത്തുനിന്നു പ്രസിദ്ധീകരിക്കുന്നതും സംപ്രേഷണം നടത്തുന്നതുമായ ഒന്നോ അതിലധികമോ മാധ്യമ സ്ഥാപനത്തിനുവേണ്ടിയോ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട വാ® ത്താധിഷ്ഠിത ആനുകാലികത്തിനുവേണ്ടിയോ, മറ്റ് സംസ്ഥാനങ്ങളിലെ മലയാള ഭാഷയിലുള്ള മാധ്യമസ്ഥാപനങ്ങൾക്കു വേണ്ടിയോ വിദേശ മലയാള മാധ്യമ സ്ഥാപനങ്ങൾക്കു വേണ്ടിയോ രാജ്യത്ത് പ്രവർത്തിക്കുന്നവരും ദേശീയതലത്തിലുള്ള ഇംഗ്ലീഷ് വാർത്താമാധ്യമങ്ങളിലും വാർത്താ ഏജൻസികളിലും തുടർച്ചയായി പത്തോ അതിലധികമോ വർഷം കേരളത്തിൽ പ്രവർത്തിക്കുന്നവരോ ആയ 1955 ലെ വ® ക്കിംഗ്ജേ® ണലിസ്റ്റുകളുടെയും മറ്റു വാ® ത്താപത്ര ജീവനക്കാരുടെയും(സേവന വ്യവസ്ഥകളും) പലവക വ്യവസ്ഥകളും ആക്റ്റ്(1955-ലെ 45) പ്രകാരം രൂപീകൃതമായിട്ടുള്ള വേജ് ബോ® ഡിന്റെപരിധിയി® വരുന്നവരും 2020ലെ കേന്ദ്ര ലേബ®  കോഡ്പ്രകാരം വ® ക്കിംഗ് ജേ® ണലിസ്റ്റ് ആയിട്ടുള്ള **കേരള** | **തൽസ്ഥിതി :**<br>എ) 10.11.2003-ലെ സ.ഉ (സാധാ) 209/03/പി.ആർഇനം 4 പ്രകാരം മാസികകളില്ജോലി ചെയ്യുന്നവർക്ക് പത്രപ്രവ® ത്തക പെൻഷൻഅംഗത്വം നൽകുകയില്ല. ഇത് ജില്ലാ ഇൻഫർമേഷൻഓഫീസർഉറപ്പുവരുത്തേണ്ടതാണ് എന്ന് തീരുമാനമായിട്ടുണ്ട്.<br>ബി) 30.12.2008-ലെ സ.ഉ(സാ) നം. 310/08/വി.പൊ.സ.വ. ഇനം. നം. 5 പ്രകാരം വാർത്താധിഷ്ഠിത ആനുകാലിക പ്രസിദ്ധീകരണങ്ങളില്ജോലി ചെയ്യുന്ന ജേർണലിസ്റ്റു വിഭാഗത്തിലുള്ളവർക്ക് അവർവേജ് ബോർഡ് ശുപാർശ നടപ്പാക്കിയ മാധ്യമ സ്ഥാപനങ്ങളിൽജോലി ചെയ്യുന്നവരും, പ്രോവിഡന്റ് പദ്ധതിയിൽഅംഗത്വമുള്ളവരും, സ്ഥിരം വ്യവസ്ഥയിൽജോലി ചെയ്യുന്നവരുമാണെങ്കിൽപെൻഷൻപദ്ധതിയിൽ അംഗത്വം നൽകാൻതീരുമാനം ആയിട്ടുണ്ട്.<br>സി) 01.07.2009-ലെ സ.ഉ(സാധാ) നം: 178/2021/ഐ&പി.ആർഇനം. 3പ്രകാരം, അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചിരുന്ന കേരള ശബ്ദം വാർത്താ വാരികയിലെ 5 പേർക്ക് അംഗത്വം നൽകാൻതീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | സംസ്ഥാനത്തുനിന്നുള്ള തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്ഥിരം ജർണലിസ്റ്റുകളും ചട്ടം വിശദീകരിക്കുന്ന വ്യവസ്ഥകളോടെ കരാർ വ്യവസ്ഥയിലുമുള്ള ജർണലിസ്റ്റുകളും എന്നർത്ഥമാവുന്നു. | ഡി) 20.05.2019-ലെ സ.ഉ(സാധാ) നം. 78/2019/ഐ&പി.ആർപ്രകാരം ആനുകാലികങ്ങൾപദ്ധതികളുടെ ചട്ടങ്ങളുടെ പരിധിയിൽഉൾപ്പെടാത്തതിനാൽചിന്താവാരികയിലെ ജീവനക്കാരുടെ അപേക്ഷകൾനിരസിക്കാൻതീരുമാനിച്ചു. |
| | (ബി) "കുടുംബം"എന്നാൽപത്രപ്രവർത്തകന്റെ ഭാര്യ അല്ലെങ്കിൽഭർത്താവ്, 25 വയസു കവിയുകയോ വിവാഹിതരാകുകയോ ചെയ്തിട്ടില്ലാത്ത അവരുടെ കുട്ടികൾ, പത്രപ്രവർത്തകനെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾഎന്നർത്ഥമാകുന്നു. | (ബി): "കുടുംബം" എന്നാൽ മാധ്യമപ്രവർത്തകന്റെഭാര്യ അല്ലെങ്കിൽ ഭർത്താവ് 25 വയസ്സ് കവിയുകയോ വിവാഹിതരാവുകയോ ചെയ്തിട്ടില്ലാത്ത അവരുടെ കുട്ടികൾ , മാധ്യമപ്രവർത്തകനെ ആശ്രയിച്ചു കഴിയുന്ന മാതാപിതാക്കൾ എന്നർത്ഥമാവുന്നു.<br><br>അവിവാഹിതരായ / വിവാഹമോചിതരായി പുനർ വിവാഹം ചെയ്തിട്ടില്ലാത്ത / വിധവകളായ പെൺമക്കൾ രോഗപീഡ മൂലം ജോലി ചെയ്യാനാകാതെ കിടപ്പുരോഗിയായ മക്കൾ (അത് തെളിയിക്കുന്ന രേഖ നൽകുന്ന സാഹചര്യത്തിൽ ) എന്നിവരും 25 വയസ് എന്ന പരിധി ഇല്ലാതെ കുടുംബം എന്ന നിർവചനത്തിൽ വരുന്നതാണ്. | |
| | (സി) "ഭരണസമിതി" എന്നാൽ:ാം ചട്ടപ്രകാരമുള്ള ഭരണസമിതി എന്നർത്ഥമാകുന്നു. | (സി): "ഭരണസമിതി"എന്നാൽ 10:ാം ചട്ടപ്രകാരമുള്ള ഭരണസമിതി എന്നർത്ഥമാവുന്നു. | |
| | (ഡി) "സേവനം"എന്നാൽകേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന ഒന്നോ ഒന്നിലധികമോ പത്രത്തിന് വേണ്ടി തുടർച്ചയായോ അല്ലെങ്കിൽഇടവേളകളോട് കൂടിയോ ഒരു പത്രപ്രവർത്തകൻഎന്ന നിലയിൽജോലി ചെയ്തിട്ടുള്ള മൊത്തം കാലയളവ് എന്നർത്ഥമാകുന്നു. | (ഡി): "സേവനം" എന്നാൽ കേരള സംസ്ഥാനത്തുനിന്നു പ്രസിദ്ധീകരിക്കുന്നതും സംപ്രേഷണം നടത്തുന്നതുമായ ഒന്നോ അതിലധികമോ സ്ഥാപനത്തിനുവേണ്ടിയോ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട വാർത്താധിഷ്ഠിത ആനുകാലികത്തിനുവേണ്ടിയോ പ്രവർത്തിക്കുന്നവരും, | |

| | | | |
|---|---|---|---|
| | | മറ്റ് സംസ്ഥാനങ്ങളിലെ മലയാള ഭാഷയിലുള്ള മാധ്യമസ്ഥാപനങ്ങൾക്കു വേണ്ടിയോ വിദേശ മലയാള മാധ്യമ സ്ഥാപനങ്ങൾക്കു വേണ്ടിയോ രാജ്യത്ത് പ്രവർത്തിക്കുന്നവരും ദേശീയതലത്തിലുള്ള ഇംഗ്ലീഷ് വാർത്താമാധ്യമങ്ങളിലും വാർത്താ ഏജൻസികളിലും കേരളത്തിൽ ജോലി ചെയ്യുന്നവരും ആയ കേരള സംസ്ഥാനത്തുനിന്നുള്ള സ്ഥിരംജേ® ണലിസ്റ്റുകളും തുട® ച്ചയായോ അല്ലെങ്കി® ഇടവേളകളോടു കൂടിയോ (തന്റേതല്ലാത്ത കാരണത്താലോ, മാധ്യമസ്ഥാപനം പൂട്ടിപ്പോകുന്നതിനാലോ ജോലി നഷ്ടമാകുന്നവർക്ക് മാത്രം ബാധകം.) ഒരു സ്ഥിരം മാധ്യമപ്രവ® ത്തക® എന്ന നിലയി® , അല്ലെങ്കിൽ, ചട്ടം വിശദീകരിക്കുന്ന വ്യവസ്ഥകളോടെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തിട്ടുള്ള മൊത്തം കാലയളവ് എന്ന® ത്ഥമാവുന്നു. | |
| | (ഇ) " ജോലിയിൽനിന്നു വിരമിക്കുക "എന്നാൽഏതെങ്കിലും പത്ര സ്ഥാപനത്തിൽപത്രപ്രവർത്തകനായി സേവനമനുഷ്ഠിച്ചുവരവെ ജോലിയിൽനിന്നു മുറപ്രകാരം റിട്ടയർചെയ്യുകയോ, സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ചുപോയതിനാൽജോലിയിൽതുടരാൻകഴിയാതെ വരുകയോ, അഥവാ മറ്റേതെങ്കിലും കാരണത്താൽജോലിയിൽതുടരാൻകഴിയാതെ പോകുകയോ ചെയ്യുക എന്നർത്ഥമാകുന്നു. | (ഇ): ജോലിയിൽനിന്നു വിരമിക്കുക'' എന്നാ® ഏതെങ്കിലും സ്ഥാപനത്തി® മാധ്യമപ്രവ® ത്തകനായി സേവനമനുഷ്ഠിച്ചുവരവെ ജോലിയി® നിന്നു മുറപ്രകാരം റിട്ടയ® ചെയ്യുകയോ ഈ ചട്ടപ്രകാരം അംഗീകൃതമായ മറ്റൊരു മാധ്യമസ്ഥാപനത്തിലേക്ക് മാറുകയോ സ്ഥാപനത്തിന്റെ പ്രവ® ത്തനം നിലച്ചുപോയതിനാ® ജോലിയി® തുടരാ® കഴിയാതെ വരുകയോ ആരോഗ്യപരമായ കാരണങ്ങളാൽ ജോലിയി® തുടരാ® കഴിയാതെ പോകുകയോ ചെയ്യുക എന്ന® ത്ഥമാവുന്നു. | |
| | (എഫ്) " സ്ഥാപനം"എന്നാൽകേരള സംസ്ഥാനത്ത് നിന്നും പ്രസിദ്ധീകരിക്കപ്പെടുന്നതും 1955-ലെ വർക്കിംഗ് ജേർണലിസ്റ്റുകളുടെയും മറ്റു പത്രജീവനക്കാരുടെയും (സേവന വ്യവസ്ഥകളും) പലവക വ്യവസ്ഥകളും ആക്ട് | (എഫ്): ''സ്ഥാപനം'' എന്നാ® കേരള സംസ്ഥാനത്തുനിന്നു പ്രസിസിദ്ധീകരിക്കുന്നതും സംപ്രേഷണം നടത്തുന്നതുമായ 1955-ലെ വ® ക്കിംഗ് ജേ® ണലിസ്റ്റുകളുടെയും മറ്റു | |

| | | | |
|---|---|---|---|
| | (1955-ലെ 45) ബാധകമായിട്ടുള്ളതുമായ പത്രപ്രസിദ്ധീകരണ സ്ഥാപനങ്ങൾഎന്നർത്ഥമാകുന്നു. | പത്രജീവനക്കാരുടെയും(സേവന വ്യവസ്ഥകളും) പലവക<br><br>വ്യവസ്ഥകളും ആക്ട് (1955-ലെ 45)<br>ബാധകമായിട്ടുള്ളതുമായ മാധ്യമ സ്ഥാപനങ്ങളും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അംഗീകൃത പട്ടികയിൽ ഉൾപ്പെട്ട ആനുകാലികങ്ങളും മറ്റ് സ്ഥാപനങ്ങളിലെയോ വിദേശത്തെയോ മലയാള മാധ്യമസ്ഥാപനങ്ങളും ദേശീയതലത്തിലുള്ള ഇംഗ്ലീഷ് വാർത്താമാധ്യമങ്ങളും വാർത്താ ഏജൻസികളും എന്നർത്ഥമാകുന്നു. | |
| | (ജി) "പദ്ധതി" എന്നാൽഈ ചട്ടങ്ങൾപ്രകാരമുള്ള പത്രപ്രവർത്തക പെൻഷൻപദ്ധതി എന്നർത്ഥമാകുന്നു. | (ജി): "പദ്ധതി" എന്നാ® ഈ ചട്ടങ്ങ® പ്രകാരമുള്ള മാധ്യമപ്രവ® ത്തക പെ® ഷ® പദ്ധതി എന്ന® ത്ഥമാവുന്നു. | |
| | | (എച്ച്) നാമനിർദേശം<br>അംഗമായിരിക്കവേവിരമിക്കുന്നതിനുമ® പോവിരമിച്ചശേഷമോഒരുമാധ്യമപ്രവ® ത്തക(ക® )<br>മരിച്ചാ® പദ്ധതിവഴിഅയാ® ക്ക്ലഭേക്കേണ്ടആനുകൂല്യം അല്ലെങ്കി® കുടുംബപെ® ഷ® ചട്ടം 3 ബി യിലെ കുടുംബാംഗങ്ങളിൽ<br>ആ® ക്കുന® കണംഎന്നതിനുള്ളNomination. | |
| 4 | അർഹത- താഴെ പറയുന്ന പ്രകാരമുള്ള ഏതൊരു പത്രപ്രവർത്തകനും ഈ പദ്ധതിയിൻകീഴിൽപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. | താഴെ പറയുന്ന പ്രകാരമുള്ള ഏതൊരു മാധ്യമപ്രവര്ത്തകനും ഈ പദ്ധതിയിൻകീഴിൽപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. | |
| | 1) തുട® ച്ചയായോ അല്ലെങ്കി® ഇടവേളകളോടു കൂടിയോ കുറഞ്ഞത് പത്തു വ® ഷക്കാലത്തെ സേവനത്തിനുശേഷം ജോലിയി® നിന്നു വിരമിക്കുകയും ഈ പെ® ഷ® പദ്ധതിയി® അംഗമായിരിക്കുകയും ചെയ്യുന്ന ആ® . | എ) തുട® ച്ചയായോ അല്ലെങ്കി® ഇടവേളകളോടു കൂടിയോ (ഇടവേളകളോടു കൂടിയോ എന്നത് തന്റേതല്ലാത്ത കാരണത്താലോ, മാധ്യമസ്ഥാപനം പൂട്ടിപ്പോകുന്നതിനാലോ ജോലി നഷ്ടമാകുന്നവർക്ക്) കുറഞ്ഞത്പത്തു വ® ഷക്കാലത്തെ ചട്ടം 3(ഡി) പ്രകാരമുള്ള സേവനത്തിനുശേഷം ജോലിയി® നിന്നു വിരമിക്കുകയും ഈ പെ® ഷ® പദ്ധതിയി® അംഗമായി കുറഞ്ഞത് | |

| | | | |
|---|---|---|---|
| | | പത്ത് വർഷം അംശദായം മുടക്കം കൂടാതെ അടക്കുകയും ചെയ്യുന്ന ആ® . | |
| | 2) തന്റേതല്ലാത്ത കാരണത്താൽവർഷക്കാലത്തെ സേവനം പൂർത്തിയാക്കാൻകഴിയാതെ പോകകയും, ജോലി ഇല്ലാതാകകയും എന്നാൽമൊത്തം 5 വർഷത്തിൽകറയാതുള്ള കാലം ജോലി ചെയ്യുകയും ഈ പദ്ധതിയിൽഅംഗമായിരിക്കുകയും ചെയ്യുന്ന ഒരാൾ. | 2. തൊഴിലെടുക്കാൻ കഴിയാത്തവിധം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നവർക്ക് സർക്കാർ മെഡിക്കൽ കോളജിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ് പ്രകാരവും സ്ഥാപനം പൂട്ടിപ്പോകുകയോ ക്രിമിനൽ കുറ്റങ്ങളുടെ പേരിലല്ലാതെ സ്ഥാപനത്തിൽനിന്ന് തന്റേതല്ലാത്ത കാരണത്താൽ പിരിച്ചുവിടപ്പെടുകയോ ചെയ്ത അമ്പതുവയസ്സ് കഴിഞ്ഞ പദ്ധതി അംഗങ്ങളിൽ കുറഞ്ഞത് ഏഴു വർഷത്തെ സർവീസ് പൂർത്തിയാകുന്നയാൾ | |
| | എന്നാ® , ഈ ഉപചട്ടത്തി® പറഞ്ഞിരിക്കുന്ന ഒരാ® ക്ക്ഈ ചട്ടങ്ങ® പ്രകാരം അനുവദനീയമായ പെ® ഷ® തുകയുടെ 50ശതമാനത്തി® കൂടുത® പെ® ഷന് അ® ഹതയുണ്ടായിരിക്കുന്നതല്ല. | എ) എന്നാ® , ഈ ഉപചട്ടത്തി® പറഞ്ഞിരിക്കുന്ന ഒരാ® ക്ക്ഈ ചട്ടങ്ങ® പ്രകാരം അനുവദനീയമായ പൂർണപെ® ഷ® തുകയുടെ 50ശതമാനത്തി® കൂടുത® പെ® ഷന്അ® ഹതയുണ്ടായിരിക്കുന്നതല്ല.<br>ബി) ആകെ സേവനകാലവും പദ്ധതി അംഗത്വകാലവും ഏഴുവ® ഷം ഇല്ലാത്തവ® ക്ക് അംഗത്വത്തിനോപെ® ഷനോഅ® ഹതഉണ്ടായിരിക്കില്ല. കുറഞ്ഞത് ഏഴുവ® ഷക്കാലംഅംശദായം മുടക്കംകൂടാതെ അടച്ചുകഴിഞ്ഞിട്ടില്ലാത്തവർക്ക് പെൻഷൻഅ® ഹതഉണ്ടായിരിക്കില്ല<br>സി) കരാർ വ്യവസ്ഥയിൽ സേവനം നടത്തുന്ന മാധ്യമപ്രവർത്തകർ അംഗത്വം ലഭിച്ച ശേഷം 58 വയസ്സ് വരെ തുടർച്ചയായി രണ്ടു വർഷത്തിലേറെ മുടക്കം വരാതെ പത്തു വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.<br>ഡി) കുറഞ്ഞത് ഏഴു വർഷത്തെ സേവനകാലാവധി പൂർത്തിയാക്കാതെ വിരമിച്ച ശേഷം സ്വന്തമായോ മറ്റ് സംസ്ഥാനങ്ങളിലോ വിദേശത്തോ മാധ്യമപ്രവർത്തനം നടത്തുന്നവർക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല. ഏഴുവർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അംശദായത്തുക തിരിച്ചു നൽകേണ്ടതാണ്. പത്ത് | |

| | | | |
|---|---|---|---|
| | | വർഷത്തെ സേവനം പൂർത്തിയാക്കിയവർക്ക് 58 വയസ്സിന് ശേഷം പൂർണ പെൻഷന് അർഹതയുണ്ടായിരിക്കും.<br>ഇ) ആരോഗ്യപരമായ കാരണങ്ങളാൽ 58 വയസ്സിന് മുമ്പ് വിരമിക്കുന്നവരിൽ സേവനകാലം പത്തുവർഷം പൂർത്തിയാക്കിട്ടുണ്ടെങ്കിൽ അവർക്ക് 58 വയസ്സ് പൂർത്തിയാകുന്നതുവരെ 50 ശതമാനവും 58 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പൂർണമായും പെൻഷൻ അനുവദിക്കേണ്ടതാണ്. ഏഴുവർഷത്തെ സേവനമുള്ളവർക്ക് പെൻഷൻ തുക 58 വയസ്സ് തികഞ്ഞാലും 50 ശതമാനം തന്നെയായിരിക്കും. | |
| | കൂടാതെ, ഈ പദ്ധതിയിൽഒരിക്കൽഅംഗമായി ചേരുകയും പെൻഷൻആനുകൂല്യങ്ങൾനേടുകയും ചെയ്യുകയോ, ഇടയ്ക്കുവച്ച് അംഗത്വം നഷ്ടമാകുകയോ ഉപേക്ഷിക്കുകയോ ചെയ്യുകയും ഈ ചട്ടങ്ങൾപ്രകാരം ലഭ്യമായ പെൻഷൻവാങ്ങുകയും ചെയ്ത ഒരാൾക്ക് വീണ്ടും ഈ പദ്ധതിയിൽഅംഗമാകുകയോ പെൻഷന് അർഹനാകുകയോ ചെയ്യാവുന്നതല്ല. | എഫ്) 58 വയസ്സിന് മുമ്പ് സ്വയം വിരമിക്കുന്നവർ 58 വയസ്സ് വരെ മാധ്യമപ്രവർത്തകരായി തുടരുന്നുവെന്ന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ പ്രകാരം പെൻഷൻ മാനേജ്മെന്റ് കമ്മിറ്റി കൺവീനറുടെ റിപ്പോർട്ട് പ്രകാരം പെൻഷൻ മാനേജ്മെന്റ് കമ്മിറ്റിക്ക് ബോധ്യമാകുന്ന പക്ഷം അർഹമായ പെൻഷൻ അനുവദിക്കാവുന്നതാണ്.<br>മാധ്യമപ്രവർത്തകരായി തുടരുന്ന കാലം അംശദായം അടയ്ക്കേണ്ടതാണ്. പെൻഷൻ പ്രായം 58 വയസ്സിന് മുകളിൽ നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് 58 വയസ്സിന് ശേഷം സ്വയം വിരമിക്കുന്നവർക്ക് പ്രസ്തുത സ്ഥാപനത്തിന്റെ പെൻഷൻ പ്രായം ആകുന്നതുവരെ അംശദായം അടച്ച ശേഷം പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. | |
| 5. | പെ® ഷ® നിധി<br>ഇൗ പദ്ധതി പ്രകാരമുള്ള പെ® ഷ® ന® കന്നതിലേക്ക്ഒരു പെ® ഷ® നിധി രൂപീകരിക്കേണ്ടതാണ്. | | |
| | 2. നിധിയി® താഴെ പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്.<br>(എ). സ® ക്കാ® വിഹിതം<br>(ബി). മാധ്യമപ്രവ® ത്തക® / മാധ്യമപ്രവ® ത്തക മാസം തോറും അടയ്ക്കുന്ന അംശദായം | 2. നിധിയി® താഴെ പറയുന്നവ വരവ് കൊള്ളിക്കേണ്ടതാണ്.<br>(എ). സ® ക്കാ® വിഹിതം<br>(ബി). മാധ്യമപ്രവ® ത്തക® / മാധ്യമപ്രവ® ത്തക മാസം തോറും അടയ്ക്കുന്ന അംശദായം | |

| | | | |
|---|---|---|---|
| | (സി). മാധ്യമ ഉടമകളി® നിന്നും ലഭിക്കുന്ന ഏതൊരു സംഭാവനയും | (സി). മാധ്യമ ഉടമകളി® നിന്നുള്ള വിഹിതം<br><br>(സർക്കാർ പരസ്യങ്ങൾക്കുള്ള തുകയുടെ നിശ്ചിത ശതമാനം ഉൾപ്പെടെ എങ്ങനെ വേണമെന്ന് മാനേജ്മെന്റുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്) | |
| | 3.ചട്ടം 10പ്രകാരമുള്ള ഭരണസമിതിയി® നിധി നിക്ഷിപ്തമായിരിക്കുന്നതും പ്രസ്തുത ഭരണസമിതി ഈ പദ്ധതി പ്രകാരമുള്ള പെ® ഷ® ന® കുന്നതിന് അത് ഉപയോഗിക്കേണ്ടതുമാണ്. | | |
| | 6. <u>പത്രപ്രവർത്തകരെ അംഗമായി രജിസ്റ്റർചെയ്യൽ</u>- പതിനെട്ട് വയസ് പൂർത്തിയായിരിക്കുകയും എന്നാൽഅറുപതു വയസ് പൂർത്തിയാകാതിരിക്കുകയും ഒരു പത്രപ്രവർത്തകനായി ജോലി ചെയ്യുകയും ചെയ്യുന്ന ഏതൊരാൾക്കും ഈ പദ്ധതിയിൽഒരംഗമായി രജിസ്റ്റർചെയ്യുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>എന്നാൽഈ ചട്ടങ്ങൾപ്രാബല്യത്തിൽവരുന്ന സമയത്തു പത്രപ്രവർത്തകനായിരിക്കുന്ന ഒരാൾഇത് പ്രാബല്യത്തിൽവന്ന് ആറു മാസത്തിനകം ഒരംഗമായി രജിസ്റ്റർചെയ്യേണ്ടതാണ്. | <u>6. മാധ്യമപ്രവ® ത്തകരെ അംഗമായി രജിസ്റ്റ® ചെയ്യ® :</u><br>18വയസ്സ് പൂ® ത്തിയായിരിക്കുകയും എന്നാ® , 48 വയസ്സ് പൂ® ത്തിയാകാതിരിക്കുകയും ഒരു സ്ഥിരം മാധ്യമ പ്രവ® ത്തകനായി ജോലിചെയ്യുകയും ചെയ്യുന്ന ചട്ടം 3 എ പ്രകാരമുള്ള ഏതൊരു മാധ്യമപ്രവർത്തകനും ഈ പദ്ധതിയി® ഒരംഗമായി രജിസ്റ്റ® ചെയ്യുന്നതിന് അ® ഹതയുണ്ടായിരിക്കുന്നതാണ്.<br>സേവനം സ്ഥിരപ്പെടുന്ന തീയതി മുതൽ ഒരു വർഷത്തിനകം പദ്ധതിയിൽ ചേരുന്നതിന് അപേക്ഷിച്ചിരിക്കണം.<br><br>കരാർ വ്യവസ്ഥയിൽ ഒന്നോ അതിലധികമോ സ്ഥാപനത്തിൽ ഏഴു വർഷത്തിനിടെ തുടർച്ചയായി അഞ്ചു വർഷം മാധ്യമപ്രവർത്തകരാകുന്നവരേയും പദ്ധതിയിൽ അംഗമാക്കാവുന്നതാണ്.<br>പദ്ധതിയിൽ അംഗമാകാൻ അർഹത നേടിയ ശേഷം ഒരു വർഷത്തിനുള്ളിൽ ആയതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്. ഈ രീതിയിൽ അംഗത്വം നേടുന്നവർ സേവനം ആരംഭിച്ച തീയതി മുതലുള്ള അംശദായം ഒടുക്കേണ്ടതാണ്. | |
| | (2) അംഗമായി രജിസ്റ്റർചെയ്യുന്നതിനുള്ള അപേക്ഷ നിർദ്ദിഷ്ട ഫാറത്തിൽ(അനുബന്ധം-1) ഭരണസമിതിയുടെ | അംഗമായി രജിസ്റ്റ® ചെയ്യുന്നതിനുള്ള അപേക്ഷ | ഓൺലൈൻസംവിധാനം നിലവിൽവരുന്ന |

| | | | |
|---|---|---|---|
| | കൺവീനർക്ക് നൽകേണ്ടതാണ്. | നിർ ദിഷ്ട ഫോറത്തിൽ (അനുബന്ധം-1) അല്ലെങ്കിൽഓൺ ലൈൻ ആയി ജില്ലാ ഇൻ ഫർ മേഷൻ ഓഫീസർ / മേഖലാ ഡപ്യൂട്ടി ഡയറക്ടർ മുഖേന വകുപ്പ് ഡയറക്ടർക്ക് നൽ കേണ്ടതാണ്. | സാഹചര്യത്തിൽആയതിലേക്കാവശ്യമായ ഭേദഗതിയുംവരുത്താവുന്നതാണ്. |
| | (3) ഓരോ അപേക്ഷയോടുമൊപ്പം, അപേക്ഷകൻജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പേര്, അപേക്ഷകന്റെ ജോലി, അയാൾജോലിയിൽപ്രവേശിച്ച തീയതി, സ്ഥാപനത്തിലെ റെക്കോർഡ് പ്രകാരമുള്ള അയാളുടെ ജനനത്തീയതി എന്നിവ സംബന്ധിച്ച് അയാൾജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉടമ നൽകിയിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റ് കൂടി വയ്ക്കേണ്ടതാണ്. | ഓരോ അപേക്ഷയോടുമൊപ്പം ലാസ്റ്റ് പേ സ്ലിപ്, ആധികാരികത ഉറപ്പാക്കുന്നതിനായി ഈ ചട്ടപ്രകാരം യോഗ്യമായ മാധ്യമ സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർഹെഡിലുള്ള നിശ്ചിത മാതൃകയിലുള്ള എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. (അനുബന്ധമായി ചേർത്തിരിക്കുന്നു) | |
| | (4) ഈ ചട്ടങ്ങൾപ്രകാരമുള്ള ഒരപേക്ഷ കൺവീനറോ അദ്ദേഹം അധികാരപ്പെടുത്തിയ ഒരാഫീസറോ സ്വീകരിക്കേണ്ടതും, അപേക്ഷകന്റെ പേരും മറ്റു വിവരങ്ങളും ഇതിലേക്കായി സൂക്ഷിച്ചിട്ടുള്ള അംഗത്വ രജിസ്റ്ററിൽചേർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. | ഈ ചട്ടങ്ങൾപ്രകാരമുള്ള അപേക്ഷ ജില്ലാ ഇൻഫർമേഷൻഓഫീസർമുഖേന മേഖലാ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ സഹിതം ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. അംഗത്വം അനുവദിക്കുമ്പോൾ അപേക്ഷന്റെ പേരും മറ്റു വിവരങ്ങളും ഇതിലേക്കായി സൂക്ഷിച്ചിട്ടുള്ള അംഗത്വ രജിസ്റ്ററിൽചേർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. | |
| 7 | അംഗത്വം സംബന്ധമായ പൊതുവ്യവസ്ഥകൾ<br>(1) ഒരു അംഗത്തിന് അറുപതു വയസ് പൂർത്തിയാകുകയോ, അംഗമായ ശേഷം നാല്പതു വർഷം പൂർത്തിയാകുകയോ, രണ്ടിൽഏതാണോ ആദ്യം സംഭവിക്കുന്നത് അപ്പോൾ, അയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. | ഒരു അംഗത്തിന് അൻപത്തിയെട്ട് വയസ്സ് പൂർത്തിയാകുകയോ, അംഗമായ ശേഷം നാല്പതു വർഷം പൂർത്തിയാകുകയോ, രണ്ടിൽഏതാണോ ആദ്യം സംഭവിക്കുന്നത് അപ്പോൾ, അയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.<br>അതേസമയം സ്ഥാപനത്തിൽ പെൻഷൻ പ്രായം 58 ൽ കൂടുതലാണെങ്കിൽ വിരമിക്കുന്ന മാസത്തിന്റെ തൊട്ടടുത്ത മാസം മുതലായിരിക്കും പെൻഷന് അർഹത. പെൻഷൻ പ്രായം പൂർത്തിയാകുമ്പോൾ പ്രവർത്തിച്ചിരുന്ന സ്ഥാപനത്തിൽ അതേ തസ്തികയിലോ സമാനമായ തസ്തികയിലോ ഉയർന്ന തസ്തികയിലോ പെൻഷൻ വേളയിൽ ലഭിച്ച പ്രതിഫലത്തിന്റെ പകുതിയിലേറെ തുക പ്രതിഫലമായി സ്വീകരിച്ച് സേവനം തുടരുന്നവർക്ക് സ്ഥാപനത്തിൽനിന്ന് പൂർണമായി വിടുതി നേടിയ | 21.11.2006-ലെ സ.ഉ.(സ)161/06/വി.പൊ.വ. പ്രകാരം പെൻഷൻപ്രായം 60-ൽനിന്നും 58 ആക്കി കുറച്ചു. പത്രപ്രവർത്തകർവയസിലാണ് വിരമിക്കുന്നതെങ്കിൽവയസിൽപെൻഷൻനൽകും എന്ന് തീരുമാനിച്ചു. |

| | | | |
|---|---|---|---|
| | | **ശേഷമായിരിക്കും പെൻഷന് അർഹത ഉണ്ടായിരിക്കുക. സ്ഥാപനത്തിൽ പെൻഷൻ പ്രായം 58 വയസ്സിന് താഴെയാണെങ്കിൽ 58 വയസ്സ് വരെ അംശദായം ഒടുക്കുകയും 58 വയസ്സ് പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത മാസം മുതൽ പെൻഷന് അർഹത നേടുകയും ചെയ്യും.** | |
| 7(2) | (2) ഒരു അംഗം ഒരു വർഷത്തിൽകുറയാത്ത കാലത്തേക്ക് പത്രപ്രവർത്തകനായി ജോലിയിൽഏർപ്പെടാതിരിക്കുകയാണെങ്കിൽഅയാൾക്ക് ഈ പദ്ധതിയിൽഉള്ള അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്. | ഒരു അംഗം രണ്ടു® ഷത്തി® കൂടുതൽകാലം മാധ്യമപ്രവ® ത്തകനായി ജോലിയി® ഏ® പ്പെടാതിരിക്കുകയാണെങ്കി® അയാ® ക്ക് ഇൗ പദ്ധതിയി® ഉള്ള അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്. മാധ്യമ പ്രവ® ത്തനം പുനരാരംഭിച്ചാ® ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തി® ഭരണസമിതിക്ക് അംഗത്വം പുനഃസ്ഥാപിച്ചുന® കാവുന്നതാണ്.<br><br>പ്രസ്തുത രണ്ട് വർഷം സേവനകാലമായി പരിഗണിക്കുന്നതല്ല.. | **04.05.2021-ലെ സ.ഉ 74/2021/ഐ&പി.ആർക്രമ നം. 5-ബി-**<br>പത്രപ്രവ® ത്തക പെ® ഷ® പദ്ധതിയി® അംഗത്വം നേടി, 10 വ® ഷമോ അതി® കൂടുതലോ കാലം അംശദായം അടയ്ക്കുകയും തുട® ന്ന് ജോലി നഷ്ടപ്പെട്ടു പോകുകയും/അല്ലെങ്കി® സ്ഥാപനം പൂട്ടിപ്പോകുകയും, അവ® ജേണലിസം അല്ലാത്ത മറ്റൊരു മേഖലയി® ജോലി ചെയ്യുകയും ചെയ്യുകയാണെങ്കി® ; 10 വ® ഷത്തെ അംഗത്വത്തിന്റെ അടിസ്ഥാനത്തി® 58 വയസാകുന്ന മുറയ്ക്ക് ഒരു നിശ്ചിത ശതമാനത്തി® അധികരിക്കാത്ത തുക പെ® ഷ® അനുവദിച്ചു നല്കുകയോ, അടച്ച പണം 58 വയസ്സിനു മു® പ് ചട്ടപ്രകാരം തിരിച്ചു ന® കുകയോ ചെയ്യുന്ന വിഷയത്തിൽവിശദമായ പഠനം നടത്തി, ചട്ടം പരിഷ്കരണ സമിതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുവാൻവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. |
| 7(3) | (3) ഒരു അംഗം തുടർച്ചയായി ആറു മാസത്തിൽകൂടുതൽകാലം അയാളുടെ അംശാദായം അടയ്ക്കാതിരിക്കുന്ന പക്ഷം അയാളുടെ അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്.<br>എന്നാൽഅയാൾക്ക് ജോലിയിൽഏർപ്പെടാനോ അംശാദായം അടയ്ക്കാനോ കഴിയാതിരുന്നതു ന്യായമായ കാരണങ്ങളാലാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, അയാൾനിധിയിലേക്കുള്ള അംശാദായ കുടിശ്ശിക | (3) ഒരു അംഗം തുടർച്ചയായി ആറു മാസക്കാലം അയാളുടെ അംശദായം അടയ്ക്കാതിരിക്കുന്ന പക്ഷം അയാളുടെ അംഗത്വം സ്വമേധയാ റദ്ദായിപ്പോകുന്നതാണ്.<br>എന്നാൽഅയാൾക്ക് ജോലിയിൽഏർപ്പെടാനോ അംശദായം അടയ്ക്കാനോ കഴിയാതിരുന്നതു ന്യായമായ കാരണങ്ങളാലാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം, അയാളെ നേരിൽകേട്ട്, അംശദായ കുടിശ്ശിക പിഴയടക്കം മുഴുവൻഒടുക്കി, വകുപ്പ് ഡയറക്ടർക്ക് അംഗത്വം | **തൽസ്ഥിതി :**<br>എ) (സ.ഉ 79/2019 തീയതി 20.05.2019-ക്രമ നം. 4 പ്രകാരമുള്ള തീരുമാനം )<br>ഏഴ് മാസം മുതൽമൂന്ന് വർഷം വരെ അംശാദായം മുടങ്ങിയവരിൽനിന്നും 15% പിഴപ്പലിശ ഈടാക്കാവുന്നതാണ്. ഇവർഇപ്പോഴും പത്രസ്ഥാപനത്തിൽതുടരുന്നു എന്നത് സംബന്ധിച്ച എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | മുഴുവന്അടച്ചു തീർത്തതിന്മേൽ, ഭരണസമിതി അയാളുടെ അംഗത്വം പുന:സ്ഥാപിച്ചുകൊടുക്കേണ്ടതാണ്. എന്നാൽഒരംഗത്തിന് മൂന്നുതവണയിൽകൂടുതൽഇപ്രകാരം അംഗത്വം പുന:സ്ഥാപിച്ചുകൊടുക്കാവുന്നതല്ല. | പുന:സ്ഥാപിച്ചുകൊടുക്കാവുന്നതാണ്. എന്നാൽഒരംഗത്തിന് രണ്ട് തവണയിൽകൂടുതൽഇപ്രകാരം അംഗത്വം പുന:സ്ഥാപിച്ചുകൊടുക്കാവുന്നതല്ല. | ഹാജരാക്കേണ്ടതാണ്. |
| | | | ബി) (04.05.2021-ലെ സ.ഉ 74/2021/ഐ&പി.ആർക്രമ നം. 5-എ പ്രകാരമുള്ള തീരുമാനം) കോവിഡ് 19 രോഗവ്യാപനം, ലോക്ക് ഡൗ® തുടങ്ങിയവ കാരണം 2020 മാ® ച്ച് മുത® ഏതെങ്കിലും കാലഘട്ടത്തി® ആറു മാസത്തിലധികം അംശദായം അടയ്ക്കാ® സാധിക്കാതെ അംഗത്വം റദ്ദായവരി® , മൂന്ന് തവണയി® താഴെ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടവ® ക്ക്, അംഗത്വം പുനഃസ്ഥാപിക്കാൻജൂ® 30 വരെ അവസരം നൽകിയിരുന്നു. |
| | | | സി) (04.05.2021-ലെ സ.ഉ 74/2021/ഐ&പി.ആർക്രമ നം. 5 സിപ്രകാരമുള്ള തീരുമാനം) മേൽപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചട്ടം 11(ii) പ്രകാരം മാനേജിംഗ് കമ്മിറ്റിക്ക് മാത്രമായിരുന്നു അധികാരം. ചട്ടം 7(3) ® പരാമ® ശിച്ചത് പ്രകാരം തുട® ച്ചയായി ആറു മാസത്തിലധികം കാലം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദാകുന്നവരുടെ അപേക്ഷയുടെ അടിസ്ഥാനത്തി® അവരെ നേരി® കേട്ട്, പരമാവധി മൂന്നു തവണ വരെ കാലതാമസം മാപ്പാക്കി, അംഗത്വം പുനഃസ്ഥാപിച്ചു ന® കുന്നതിനു വകുപ്പ് ഡയറക്ടു® ക്കു അധികാരം ന® കിക്കൊണ്ട് ഉത്തരവായിട്ടുണ്ട് |
| | | | ഡി) (04.05.2021-ലെ സ.ഉ 74/2021/ഐ&പി.ആർക്രമ നം. 5-ഡിപ്രകാരമുള്ള തീരുമാനം) മേൽപ്രകാരം ഡയറക്ടർഅംഗത്വം പുനഃസ്ഥാപിച്ചു ന® കുന്ന പക്ഷം, തൊട്ടടുത്ത കമ്മിറ്റി/ഉപസമിതി യോഗത്തി® ഫയ® /വിഷയം സമ® പ്പിച്ചു |

| | | | |
|---|---|---|---|
| | | | സാധൂകരണം തേടേണ്ടതാണ് എന്ന് ഉത്തരവായിട്ടുണ്ട്. |
| | | | ഇ) (എച്ച്2/111/2021/ഐ&പി.ആർഫയലിൽബഹു. മുഖ്യമന്ത്രിയുടെ തീരുമാനം)<br>**<u>റദ്ദായ അംഗത്വം പുനഃസ്ഥാപിക്കാനായി താഴെ പറയുന്ന രേഖക® സമ® പ്പിക്കേണ്ടതാണ്.</u>**<br>(1) എന്ന് മുത® അംശദായം മുടങ്ങി എന്നും എന്തുകൊണ്ട് മുടങ്ങി എന്നും വ്യക്തമാക്കി വെള്ളക്കടലാസി® തയ്യാറാക്കിയ അപേക്ഷ.<br><br>(2) അംശദായം മുടങ്ങിയ മാസം മുത® നിലവി® {അംഗത്വം പുനഃസ്ഥാപിച്ച് കടിശിക തുക അടയ്ക്കുന്ന (അല്ലെങ്കി® അടയ്ക്കുന്നതിന് തൊട്ടു മു® പുള്ള) മാസം വരെ/വിരമിച്ചവരാണെങ്കി® വിരമിക്ക® തീയതി വരെ} സ്ഥിരം പത്രപ്രവ® ത്തക ജീവനക്കാരനായി ജോലി ചെയ്യുന്നുണ്ട് എന്നു തെളിയിക്കുന്ന (GO(Rt) No 74/2021/ഐ&പിആ® -ന്റെഅവസാന പേജിലെ മാതൃകയിലുള്ള) **അസ്സ® തൊഴി® സ® ട്ടിഫിക്കറ്റ്.**<br><br>(3) മുമ്പ് അംഗത്വം റദ്ദായിട്ടുണ്ടോ എന്നും, ഉണ്ടെങ്കി® എത്ര തവണ അംഗത്വം പുനഃസ്ഥാപിക്കപ്പെട്ടു എന്നും ബോധിപ്പിക്കുന്ന രേഖ (അപേക്ഷക® വെള്ളക്കടലാസി® തയ്യാറാക്കിയ **സത്യപ്രസ്താവന.**മു® പ് റദ്ദായിട്ടില്ലെങ്കി® അക്കാര്യം വ്യക്തമാക്കണം).<br><br>(4) ഏറ്റവും ഒടുവിലത്തെ അടവു വിവരം വരെ രേഖപ്പെടുത്തിയ അസ്സ® **പാസ് ബുക്ക്,**അതിന്റെ എല്ലാ പേജുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പക® പ്പ്.<br><br>(5) അംഗത്വം അനുവദിച്ചതു വ്യക്തമാക്കുന്ന രേഖയുടെ (കത്ത്/ഉത്തരവ് തുടങ്ങിയവ) പക® പ്പ് |

| | | | |
|---|---|---|---|
| | | | (ഇത് അംഗത്വം വ്യക്തമല്ലാത്ത അപേക്ഷകളി® മാത്രം മതിയാകും). |
| 7(4) | (4) അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന് അയാൾപദ്ധതിയിൽഅതുവരെ അടച്ചിട്ടുള്ള തുക, അയാൾഅംഗമല്ലാത്ത തീയതി മുതൽഒരു വർഷത്തിനു ശേഷം മടക്കിക്കിട്ടാൻഅർഹതയുണ്ടായിരിക്കുന്നതാണ്. | (4) എ) അംഗത്വം നഷ്ടപ്പെട്ട ഒരംഗത്തിന് അയാൾപദ്ധതിയിൽഅതുവരെ അടച്ചിട്ടുള്ള തുക, അയാൾഅംഗമല്ലാതായ തീയതി മുതൽമടക്കിക്കിട്ടാൻഅർഹതയുണ്ടായിരിക്കുന്നതാണ്.<br>ബി) 7 വ® ഷത്തി® താഴെ മാത്രം അംശദായം അടച്ച ശേഷം പെ® ഷ® ലഭിക്കാതെ അംഗത്വം ഉപേക്ഷിക്കുകയോ, പത്രപ്രവ® ത്തനമേഖലയി® നിന്ന് മാറുകയോ ചെയ്യുന്നവ® ക്ക് മേ® പ്രകാരം തുക തിരികെ നൽകേണ്ടതാണ്.<br><br>സി) വെള്ളക്കടലാസി® ഉള്ള അപേക്ഷ, അസ്സ® പാസ് ബുക്ക്, തുക അയയ്ക്കാനായി ട്രഷറി /ബാങ്ക് പാസ് ബുക്കിന്റെ അക്കൗണ്ട് നമ്പ® രേഖപ്പെടുത്തിയ പേജിന്റെ പക® പ്പ്, അംഗത്വം അനുവദിച്ച ഉത്തരവ് /കത്ത് അല്ലെങ്കി® അംഗത്വ രേഖയുടെ പക® പ്പ്, സ്ഥാപനത്തി® നിന്ന് പിരിഞ്ഞതു വ്യക്തമാക്കുന്ന രേഖയുടെ പക® പ്പ്, ഫോട്ടോ പതിച്ച ഐ ഡി കാ® ഡിന്റെ പക® പ്പ് എന്നിവ ജില്ലാ ഇൻഫർമേഷൻ ഓഫീസർ / മേഖലാ ഡെപ്യൂട്ടി ഡയറക്ട® മുഖേന ഡയറക്ടറേറ്റി® ലഭ്യമാക്കണം എന്ന് നിഷ്ക® ഷിക്കാവുന്നതാണ്.<br><br>പക® പ്പുക® സ്വയമോ ഗസറ്റഡ് ഓഫീസറോ സാക്ഷ്യപ്പെടുത്തിയതായിരിക്കണം.<br><br>നോമിനി /അവകാശിയാണ് അപേക്ഷ ന® കുന്നതെങ്കി® അനന്തരാവകാശ സ® ട്ടിഫിക്കറ്റിന്റെയും മരണസ® ട്ടിഫിക്കറ്റിന്റെയും പക® പ്പ്, നോമിനിയുടെ /അവകാശിയുടെ ഫോട്ടോ പതിച്ച തിരിച്ചറിയ® കാ® ഡിന്റെ പക® പ്പ്, നിയമം /ചട്ടം പ്രകാരം മറ്റു അവകാശിക® | |

| | | | |
|---|---|---|---|
| | | ഉണ്ടെങ്കി® അവരുടെ സമ്മതപത്രം,<br>എന്നിവ കൂടി സമ® പ്പിക്കണം. | |
| | | 5) പദ്ധതിയി® അംഗമായി ചേ® ന്ന് അംശദായം അടച്ചുവരുന്ന ആ® നിലവിലുള്ള സ്ഥാപനത്തി® നിന്നു ഈ ചട്ടപ്രകാരമുള്ള മറ്റൊരു മാധ്യമസ്ഥാപനത്തിലേക്കു ജോലി മാറിയാലും അംഗത്വം നിലനി® ക്കുന്നതാണ്.<br>.<br>(ബി) അംഗത്വം നേടി 10 വർഷമോ അതിൽ കൂടുതൽ കാലമോ അംശദായം അടയ്ക്കുകയും, അമ്പത് വയസ്സിന് മുകളിൽ പ്രായമാകുകയും പത്രസ്ഥാപനം പൂട്ടിപ്പോകുന്നതു കാരണമായി അവർ ജേർണലിസം അല്ലാത്ത മറ്റൊരു മേഖലയിൽ ജോലി ചെയ്യുകയും ആണെങ്കിൽ 10 വർഷം അംശദായം അടച്ചതിന്റെയടിസ്ഥാനത്തില് 58 വയസാകുന്ന മുറയ്ക്ക് മറ്റു സർക്കാർ പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുന്നില്ലായെന്ന് ഉറപ്പു വരുത്തിയതിനു ശേഷം നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത തുക പെൻഷൻ ആയി അനുവദിക്കാവുന്നതാണ്. | |
| 8. | 8. <u>നിധിയിലേക്കുള്ള അംശാദായം</u> ഓരോ അംഗവും താഴെപ്പറയുന്ന പ്രകാരമുള്ള നിശ്ചിത തുക പ്രതിമാസം നിധിയിലേക്ക് അംശാദായമായി നൽകേണ്ടതാണ്.<br>(1) 18 വയസ് മുതൽവയസ് വരെ 25 രൂപ<br>(2) 36 വയസ് മുതൽവയസ് വരെ 30രൂപ<br>(3) 46 വയസ് മുതൽവയസ് വരെ 40രൂപ | എ) ഓ:ാരോ അംഗവും അതതു കാലത്ത് ഭരണസമിതി ശിപാ® ശ പ്രകാരം സ® ക്കാ® നിശ്ചയിക്കുന്ന തുക പ്രതിമാസം നിധിയിലേക്ക് അംശദായമായി ന® കേണ്ടതാണ്.<br>ബി) അംശാദായ തുക അതാത് കാലങ്ങളിലെ പ്രതിമാസ പെൻഷന്റെ 5 ശതമാനമായി വ്യവസ്ഥ ചെയ്യുന്നു.<br>പെ® ഷ® തുക വ® ദ്ധിപ്പിക്കുന്ന മുറയ്ക്ക് | |

| | | | |
|---|---|---|---|
| | | അംശാദായത്തുകയും ആനുപാതികമായി വർദ്ധിക്കുന്നതാണ്.<br>സി) അംഗത്വം എന്ന് ലഭിച്ചാലും ജോലിയിൽ പ്രവേശിച്ച തീയതി മുതൽ അംശദായത്തുക ഒടുക്കേണ്ടതാണ്. | |
| 9. | 9. <u>അംശാദായം സ്വീകരിക്കുന്ന വിധം</u> (1) ഓരോ അംഗവും അയാൾനിധിയിലേക്ക് നൽകേണ്ട അംശാദായം എല്ലാ മാസവും പത്താം തീയതിക്കു മുമ്പായി അയാൾജോലി ചെയ്യുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ ജില്ലാ ട്രഷറിയിൽഇതിലേക്കായി ഗവൺമെന്റ് തുറക്കുന്ന കേന്ദ്രീകൃത അക്കൗണ്ടിൽനിക്ഷേപിക്കേണ്ടതാണ്. 1993 സെപ്റ്റംബർമാസം ഒന്നാം തീയതി മുതൽഅംശാദായം അടച്ചു തുടങ്ങേണ്ടതാണ്. ഓരോ അംഗത്തിനും ഫോട്ടോ പതിച്ച പാസ്ബുക്ക് നൽകുന്നതാണ്. അതിൽഓരോ മാസവും അയാൾഅടയ്ക്കുന്ന തുകയും, തുക അടച്ച തീയതിയും, അതുവരെ അടച്ച ആകെ തുകയും രേഖപ്പെടുത്തിയിരിക്കണം.<br>പാസ് ബുക്കിൽകാണിച്ചിട്ടുള്ള വിവരങ്ങൾഈ പദ്ധതി പ്രകാരമുള്ള പെൻഷൻആനുകൂല്യങ്ങൾകണക്കാക്കുന്നതിനുള്ള അടിസ്ഥാന രേഖയും തെളിവും ആയി കണക്കാക്കുന്നതാണ്.<br>ഒരംഗത്തിന് പാസ് ബുക്ക് നഷ്ടപ്പെട്ടുപോകുന്ന സംഗതിയിൽ, വിലയായി 10 രൂപ വാങ്ങിയശേഷം, ഒരു ഡ്യൂപ്ലിക്കേറ്റ് പാസ് ബുക്ക് നൽകുന്നതാണ്. | ഓരോ അംഗവും അയാ® നിധിയിലേക്ക് ന® കേണ്ട അംശദായം അതതു മാസം ഓൺലൈനായോ അതത് ജില്ല, മേഖലാ ഓഫീസുകളിലോ അതത് കാലത്തെ നിർദേശപ്രകാരം ഒടുക്കേണ്ടതാണ്. | |
| | | ഓരോ അംഗത്തിനും ഫോട്ടോ പതിച്ച അംഗത്വ കാർഡ് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരമുള്ള പെ® ഷ® ആനുകൂല്യങ്ങ® കണക്കാക്കുന്നതിനുള്ള അടിസ്ഥാനരേഖയും തെളിവും ആയി അംഗത്വ കാർഡിനെ കണക്കാക്കുന്നതാണ്. | |
| | | ഒരു വർഷം വരെയുള്ള തുക ഏത് മാസവും മുൻകൂറായി അടയ്ക്കാവുന്നതാണ്.<br>ഇപ്രകാരംഅടയ്ക്കാ® താല്പര്യപ്പെടുന്നഅംഗം, നിലവി® മാധ്യമപ്രവ® ത്തകനായിജോലിചെയ്യുന്നുണ്ട്എന്നും തൊട്ടുമു® പുള്ളവർഷംഅയാ® അപ്രകാരംപത്രപ്രവ® ത്തകനായിജോലിചെയ്തിരുന്നുഎന്നുംതെളിയിക്കുന്ന, നിശ്ചിതമാതൃകയി® ഉള്ളഎംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം. | |
| 9(2) | (2) ഓരോ മാസവും അടയ്ക്കേണ്ട അംശാദായം അടയ്ക്കുന്നതിൽവീഴ്ച വരുത്തുന്ന ഒരംഗത്തിന്, കുടിശ്ശികത്തുക മുഴുവൻപലിശ സഹിതം ഒരുമിച്ച് അടച്ചുതീർക്കുന്നതിന് അവകാശമുണ്ടായിരിക്കും. എന്നാൽതുടർച്ചയായി ആറു മാസത്തിൽകൂടുതൽകാലം വീഴ്ച വരുത്തുന്ന ഒരംഗത്തിന് ഈ അവകാശം ഉണ്ടായിരിക്കുന്നതല്ല. | സി) അംശദായ തുക യഥാസമയം അടയ്ക്കാതിരുന്നാ® കുടിശ്ശികയുള്ള ഓരോ മാസത്തിനും (6 മാസം വരെ) പ്രതിമാസ അംശദായത്തിന്റെ 10% തുക വീതം പിഴയായി ഈടാക്കേണ്ടതാണ്. | |

| | | | |
|---|---|---|---|
| | | എന്നാ® , തുട® ച്ചയായി ഏഴുമാസം അടയ്ക്കാതിരുന്നാൽ ചട്ടം 7(3) ബാധകമാകുന്നതാണ്. | |
| 10. | ഭരണസമിതി: ഈ പദ്ധതിയുടെ നടത്തിപ്പിന് താഴെ പറയുന്നവ® അടങ്ങുന്ന ഏഴ് അംഗങ്ങളി® കുറയാത്ത ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.<br>(എ). മുഖ്യമന്ത്രി(ചെയ® മാ® )<br>(ബി). പബ്ലിക് റിലേഷ® സ് ഡയറക്ട® (ക® വീന® )<br>(സി).സ® ക്കാ® പ്രതിനിധിക®<br>(ഡി). പത്രപ്രവ® ത്തക പ്രതിനിധിക® | ഈ പദ്ധതിയുടെ നടത്തിപ്പിന് താഴെ പറയുന്നവ® അടങ്ങുന്ന ഏഴ് അംഗങ്ങളി® കുറയാത്ത ഒരു ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്.<br>(എ). മുഖ്യമന്ത്രി (ചെയ® മാ® )<br>(ബി). പബ്ലിക് റിലേഷ® സ് ഡയറക്ടർ(ക® വീന® )<br>(സി).സ® ക്കാ® പ്രതിനിധിക®<br>(ഡി). മാധ്യമപ്രതിനിധിക®<br>(ഇ) മാധ്യമ സ്ഥാപന/ തൊഴിൽഉടമാ പ്രതിനിധികള് | |
| 11. | ഭരണസമിതിയുടെ അധികാരങ്ങ® :<br>(i) പെൻഷൻഅപേക്ഷകൾപരിഗണിച്ച് അർഹരായ അപേക്ഷകർക്ക് പെൻഷൻഅനുവദിക്കുക. 16-ഉം 17-ഉം ചട്ടങ്ങൾപ്രകാരം അപേക്ഷ നിരസിക്കുക, പുനരാലോചന ചെയ്യുക തുടങ്ങിയവ.<br>(ii) ചട്ടം 7-ൽപറയുന്ന പ്രകാരം അംഗത്വം നഷ്ടപ്പെട്ടവരുടെ അപേക്ഷകൾപരിഗണിച്ച് അർഹരായവർക്ക് അംഗത്വം പുന:സ്ഥാപിച്ചു കൊടുക്കുക.<br>(iii) പദ്ധതിയുടെ കാലോചിതമായ വികസനം ആസൂത്രണം ചെയ്യുക.<br>(iv) ഭരണസമിതിക്ക് അതിന്റെ ഏതെങ്കിലും അധികാരങ്ങൾതങ്ങളുടെ ഇടയിൽനിന്ന് മൂന്നംഗങ്ങളുടെ ഒരുപസമിതിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്. | | |

| | | | |
|---|---|---|---|
| 12. | പെ® ഷ® തുക:<br>(i) പ്രതിമാസ പെൻഷൻതുക ആയിരം രൂപ ആയിരിക്കുന്നതാണ്.<br>(ii) മൂന്നു വർഷത്തിലൊരിക്കൽആവശ്യമെന്നു കണ്ടാൽപെൻഷൻതുകയും അംശാദായവും പുനർനിർണ്ണയം ചെയ്യാവുന്നതാണ്. | എ) പ്രതിമാസ പെ® ഷ® തുക അതതു കാലത്ത് സ® ക്കാ® നിശ്ചയിക്കുന്ന നിരക്കി® ആയിരിക്കുന്നതാണ്. | ചിലർവർഷത്തിൽകൂടുതൽകാലം അംശദായം അടയ്ക്കുകയും (ഏതാണ്ട് 20 വർഷവും 25 വർഷവും അംശദായം അടച്ചതിനു ശേഷം) അനാരോഗ്യം കാരണമോ, പത്രസ്ഥാപനം പൂട്ടിപ്പോകുന്നതിനാലോ പിരിഞ്ഞുപോകേണ്ടിയും വരുമ്പോൾ അവർക്ക് 50% പെൻഷൻഅനുവദിക്കുകയും എന്നാൽവർഷം മാത്രം അംശദായംഅടച്ചയാ® ക്ക് പൂർണ പെൻഷനും അനുവദിക്കുന്നതിലെ അസമത്വംപരിശോധിക്കാം. |
| 13. | <u>സർക്കാർസഹായം-</u> സർക്കാരിന്റെ സാമ്പത്തിക സഹായം 10 ലക്ഷം രൂപയായിരിക്കും. | സർക്കാരിന്റെ സാമ്പത്തിക സഹായം ഓരോ വർഷത്തേയും ബജറ്റ് വിഹിതമായിരിക്കും. | ഇത് പ്രാരംഭ വിഹിതമായിരുന്നു. ഭേദഗതി ചട്ടത്തിൽനിന്ന് പ്രസ്തുത ചട്ടം ഒഴിവാക്കാമോ |
| 14. | <u>പെൻഷന് അപേക്ഷ നൽകുന്ന വിധം</u> (1) ഒരംഗം, അയാൾക്ക് അറുപത് വയസ് തികയുകയോ അല്ലെങ്കിൽഅംഗമായശേഷം നാൽപതു വർഷം പൂർത്തിയാകുകയോ ചെയ്യാറാകുമ്പോൾനിശ്ചിത ഫാറത്തില്(അനുബന്ധം-11) ഭരണസമിതിയുടെ കൺവീനർക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്. സാധാരണ ഗതിയിൽഅയാൾതന്റെ റിട്ടർമെന്റിന് മൂന്നു മാസം മുമ്പ് പ്രസ്തുത അപേക്ഷ നൽകിയിരിക്കണം. | ഒരംഗം, അയാൾക്ക് 58 വയസ് തികയുകയോ അല്ലെങ്കിൽഅംഗമായശേഷം നാൽപതു വർഷം പൂർത്തിയാകുകയോ ചെയ്യുമ്പോൾനിശ്ചിത ഫോറത്തി® (അനുബന്ധം-11) അല്ലെങ്കി® ഓ:ാ® ലൈ® ആയി ഭരണസമിതിയുടെ ക® വീന® ക്ക് ഒരു അപേക്ഷ ന® കേണ്ടതാണ്. വിരമിക്കുന്നതിന് മൂന്നു മാസം മുമ്പ് മുത® അപേക്ഷ ന® കാവുന്നതാണ്. | |
| | അപേക്ഷയോടൊപ്പം അയാൾജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉടമയിൽനിന്നോ, ജോലി ചെയ്യുന്ന ജില്ലയിലെ വർക്കിംഗ് ജേർണലിസ്റ്റ് യൂണിയന്റെ പ്രസിഡന്റ് അല്ലെങ്കിൽസെക്രട്ടറിയിൽനിന്നോ വാങ്ങിയിട്ടുളള തൊഴിൽസർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്. | എ) അപേക്ഷയോടൊപ്പം അയാൾജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ ഉടമയിൽനിന്ന് ഔദ്യോഗിക ലെറ്റർഹെഡിലുള്ള നിശ്ചിത മാതൃകയിലുള്ള തൊഴിൽസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. (അനുബന്ധമായി ചേർക്കാം)<br><br>ബി) സ്ഥാപനം പൂട്ടിപ്പോകുകയോ, അംഗത്തിന് അവിടെ നിന്ന് തൊഴി® സ® ട്ടിഫിക്കറ്റ് ലഭിക്കാ® സാങ്കേതിക തടസ്സം ഉണ്ടാകുകയും പരിഹാരത്തിന് ഒരു സാധ്യതയും ഇല്ലെന്നു ബോധ്യപ്പെടുകയും ചെയ്താ® പത്രപ്രവ® ത്തക സംഘടനയുടെ സംസ്ഥാന സെക്രട്ടറി / ജനറ® സെക്രട്ടറി അല്ലെങ്കി® ജില്ലാ സെക്രട്ടറി ന® കുന്ന അനുബന്ധം3 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, സ® വീസ് സംബന്ധിച്ച അനുബന്ധരേഖക® എന്നിവ പരിഗണിക്കാം.. | |

| | | | |
|---|---|---|---|
| | (2) അംഗമായിരിക്കവേ മരിച്ചപോയിട്ടുള്ളവരുടെ സംഗതിയിൽകുടുംബത്തിന് കുടുംബ പെൻഷൻഅപേക്ഷ നൽകാവുന്നതാണ്. | ചട്ടം 18 (2) ആയി ചേർക്കുന്നു. | |
| 15 | പെ® ഷ® അനുവദിക്കുന്ന വിധം:<br>1. അപേക്ഷ ലഭിച്ചുകഴിഞ്ഞ് ഒരു മാസത്തിനുള്ളി® ഭരണസമിതിയോ അത് അധികാരപ്പെടുത്തുന്ന ഉപസമിതിയോ അതു പരിഗണിച്ച് തീരുമാനം എടുക്കേണ്ടതും അതനുസരിച്ചുള്ള ഒരു ഉത്തരവ് ക® വീന® ന® കേണ്ടതുമാണ്. | പെൻഷൻ അപേക്ഷകൾ യഥാവിധി നൽകിയിട്ടുള്ള പക്ഷം കൺവീനർക്ക് താൽക്കാലികമായി പെൻഷൻ അനുവദിക്കാവുന്നതും ആയതിന് ഭരണസമിതിയുടെ അംഗീകാരം തുടർന്ന് തേടേണ്ടതുമാണ്. | പെൻഷൻഅനുവദിക്കുന്നതിന് വേണ്ടി ലഭിക്കുന്ന അപേക്ഷകളിൽനടപടി സ്വീകരിച്ച് പെൻഷൻഅനുവദിച്ച നൽകിയതിനു ശേഷം ഭരണസമിതി മുൻപാകെ സമർപ്പിച്ച് സാധൂകരണം നടത്തുകയാണ് ഇപ്പോൾചെയ്തു വരുന്നത്. ആവശ്യമായ ഭേദഗതി വരുത്തുന്നത് ചർച്ച ചെയ്യാവുന്നതാണ്. |
| | 2. ഏതെങ്കിലും കാരണവശാ® സമിതിക്ക് മേ® പ്പറഞ്ഞ ഒരു മാസത്തിനുള്ളി® യോഗം ചേരാ® സാധിക്കാത്ത പക്ഷം ക® വീന® ക്ക് തനിക്ക് ഉത്തമബോധ്യമുള്ള അപേക്ഷകളി® മേ® താ® ക്കാലികമായി പെ® ഷ® അനുവദിച്ച് ഉത്തരവ് ന® കാവുന്നതാണ്. ഭരണസമിതിയുടെ തൊട്ടടുത്ത യോഗത്തി® തന്നെ താ® ക്കാലിക പെ® ഷ® അനുവദിക്കപ്പെട്ടിട്ടുള്ള അപേക്ഷകളി® മേ® തീരുമാനം എടുക്കേണ്ടതാണ്. | | 15(1) പ്രകാരം പരിഗണിച്ച്ഭേദഗതി ചട്ടത്തിൽനിന്ന് പ്രസ്തുത ചട്ടം ഒഴിവാക്കാമോ |
| | 3. ഭരണസമിതി തീരുമാനം എടുക്കുന്നത് ഏതു തീയതിയിലായാലും അപേക്ഷക® റിട്ടയ® ചെയ്ത തീയതിക്ക് തൊട്ടടുത്ത മാസം ഒന്നാം തീയതി മുത® അയാ® ക്കു പെ® ഷ® അനുവദിക്കേണ്ടതാണ്. | എ) പെൻഷൻഅനുവദിച്ച് ഉത്തരവിറങ്ങുന്നത് ഏതു തീയതിയിലായും, അപേക്ഷക® റിട്ടയ® ചെയ്ത തീയതിക്ക് തൊട്ടടുത്ത മാസം ഒന്നാം തീയതി മുത® അയാ® ക്കു പെ® ഷ® അനുവദിക്കേണ്ടതാണ്.<br><br>ബി) പെ® ഷ® അനുവദിക്കുമ്പോ® പൂർണ പെ® ഷ® ആണോഭാഗികപെ® ഷ® ആണോഎന്നുംഭാഗിക മാണെങ്കി® പൂർണ പെ® ഷന്റെഎത്രശതമാനംഎന്നുംവ്യക്തതവരുത്തണം.<br><br>സി) പെൻഷന് വേണ്ടിയുള്ള അപേക്ഷ സേവനത്തിൽനിന്ന് വിരമിച്ച് മൂന്നു മാസത്തിന് ശേഷമാണ് സമർപ്പിക്കുന്നതെങ്കിൽ പെൻഷന് അപേക്ഷിച്ചതിന്റെ തൊട്ടടുത്തമാസം മുതൽ ആയിരിക്കും പെൻഷന് അർഹത. ആരോഗ്യപരമായ കാരണങ്ങളാലാണ് അപേക്ഷ | |

| | | | |
|---|---|---|---|
| | | വൈകുന്നതെങ്കിൽ ആറുമാസം വരെ ഇളവ് നൽകേണ്ടതാണ്. | |
| 16. | 16. <u>അപേക്ഷ നിരസിക്കൽ</u>- ഭരണസമിതിക്ക്, മതിയായ കാരണങ്ങളുണ്ടെന്ന് കണ്ടാൽ, ഏതൊരംഗത്തിനും പെൻഷൻനിരസിക്കുവാനുള്ള അധികാരമുണ്ടായിരിക്കും. നിരസിക്കാനുള്ള കാരണം അപേക്ഷയിൽരേഖപ്പെടുത്തുകയും അത് അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. | <u>അപേക്ഷ നിരസിക്കൽ</u>- ഭരണസമിതിക്ക്, മതിയായ കാരണങ്ങളുണ്ടെന്ന് കണ്ടാൽ, ഏതൊരംഗത്തിനും പെൻഷൻനിരസിക്കുവാനുള്ള അധികാരമുണ്ടായിരിക്കും. നിരസിക്കാനുള്ള കാരണം അപേക്ഷയിൽരേഖപ്പെടുത്തുകയും അത് അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. | |
| 17 | പുനരാലോചന — (1) നിരസിക്കപ്പെട്ട ഒരു അപേക്ഷ സ്വമേധയായോ, മറ്റുതരത്തിലോ പുനരാലോചനക്കെടുത്ത് പെൻഷൻഅനുവദിക്കുവാൻഭരണസമിതിക്ക് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കും.<br>(2) നിരസിക്കപ്പെട്ട അപേക്ഷകന്, അപേക്ഷ നിരസിച്ച വിവരം കിട്ടി മൂന്ന് മാസത്തിനകം തന്റെ അപേക്ഷ പുനരാലോചിക്കണമെന്ന് ഭരണസമിതിയോട് രേഖാമൂലം അപേക്ഷിക്കാവുന്നതാണ്. ഭരണസമിതിയുടെ അതിന്മേലുള്ള തീരുമാനം അന്തിമമായിരിക്കുന്നതാണ്. | ഭേദഗതി ആവശ്യമായി കാണുന്നില്ല. | |
| 18. | <u>കുടുംബ പെൻഷൻ</u><br>(1) പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽഅയാൾവാങ്ങിക്കൊണ്ടിരുന്ന പെൻഷന്റെ അൻപത് ശതമാനം തുക കുടുംബ പെൻഷനായി നൽകുന്നതാണ്. | എ) പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് മരണം സംഭവിച്ചാൽഅയാൾവാങ്ങിക്കൊണ്ടിരുന്ന പെൻഷന്റെ അൻപത് ശതമാനം തുക കുടുംബ പെൻഷനായി നൽകുന്നതാണ്.<br>ബി)<br>അവകാശിയായഒരാ® ക്ക്കുടുംബപെ® ഷ® അനുവദിച്ചാ® അയാളുടെമരണത്തോടെകുടുംബപെ® ഷ® അവസാനിക്കും; കുടുംബത്തിലെമറ്റുഅംഗങ്ങ® ക്ക്തുക ലഭിക്കാ® അ® ഹതഉണ്ടായിരിക്കുകയില്ല.<br>സി) കുടുംബ പെൻഷന് അർഹത നേടുന്ന ജീവിത പങ്കാളി പുനർവിവാഹിതരായാൽ പെൻഷൻ അർഹത നഷ്ടപ്പെടുന്നതാണ്.<br>2. പദ്ധതിയി® അംഗമായിരിക്കെ സേവന കാലത്തിനിടയി® മരിച്ചുപോകുന്ന അംഗത്തിെ® റ ആശ്രിതന്/ആശ്രിതയ്ക്ക് കുടുംബപെ® ഷന് അപേക്ഷ ന® കാവുന്നതാണ്. | |
| | (2) അംഗമായിരിക്കവേ മരിച്ചുപോയിട്ടുള്ളവരുടെ സംഗതിയിൽകുടുംബത്തിന് കുടുംബ പെൻഷൻഅപേക്ഷ | 2. എ)<br>കുടുംബപെ® ഷനുന® കേണ്ടഅപേക്ഷയുടെമാതൃകഅനു | |

| | | | |
|---|---|---|---|
| | നൽകാവുന്നതാണ്. | ബന്ധം **ആയി ചേർക്കാവുന്നതാണ്.**<br><br>ബി) അംശദായം അടച്ചുവരുന്ന മാധ്യമപ്രവർത്തകൻ മരണപ്പെട്ടാൽ കുറഞ്ഞത് അഞ്ചുവർഷത്തെ അംശദായം അടച്ചിട്ടുണ്ടെങ്കിൽ അംഗം മരണപ്പെട്ടതിന്റെ അടുത്ത മാസം മുതൽ കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. | |
| 19 | <u>നാമനിര്ദ്ദേശം</u>-(1) ഓരോ അപേക്ഷകനും അയാളുടെ കുടുംബത്തിലെ ഒരംഗത്തെ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഈ നാമനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഒരംഗത്തിന്റെ മരണാനന്തരം അയാൾക്കർഹതപ്പെട്ട തുകകൾനൽകുന്നതും കുടുംബ പെൻഷൻഅനുവദിക്കുന്നതും. | ഭേദഗതി ആവശ്യമില്ല. | |
| | സ്വന്തമായി കുടുംബം ഇല്ലാത്ത ഒരംഗത്തിന് തന്റെ ബന്ധുവോ സഹായിയായോ ആയ ഏതൊരാളേയും നാമനിർദ്ദേശം ചെയ്യാവുന്നതാണ്. എന്നാൽപിന്നീട് കുടുംബം ഉണ്ടാകുന്ന സംഗതിയിൽഅപ്രകാരമുള്ള നാമനിർദ്ദേശം സ്വമേധയാ റദ്ദാക്കുന്നതാണ്. | പ്രസ്തുത ചട്ടം ഒഴിവാക്കാവുന്നതാണ്. | |
| | (3) ഒരിക്കൽനാമനിർദ്ദേശം ചെയ്തു് കഴിഞ്ഞാൽഅതിന് മാറ്റം വരുത്താവുന്നതല്ല. എന്നാൽനാമനിർദ്ദേശം ചെയ്യപ്പെട്ടയാൾമരിച്ചു പോകുകയോ (2)-ാം ഉപചട്ടത്തിൽപറഞ്ഞ പ്രകാരമുള്ള പ്രത്യേക സാഹചര്യങ്ങളിലോ ഭരണസമിതിക്ക് വീണ്ടുമുള്ള നാമനിർദ്ദേശം അനുവദിക്കാവുന്നതാണ്. ഇതിലേക്കുള്ള അപേക്ഷ കൺവീനർക്കും നൽകേണ്ടതാണ്. | ഭേദഗതി ആവശ്യമില്ല. | |
| 20. | <u>പണം നൽകൽ</u>- പെൻഷൻതുക എല്ലാ മാസവും 6-ാം തീയതിക്ക് ശേഷം ജില്ലാ ട്രഷറിയിൽനിന്നും ചെക്ക് മുഖേന നൽകുന്നതാണ്. | പെൻഷൻതുക എല്ലാ മാസവും 6-ാം തീയതിക്ക് ശേഷം ജില്ലാ ട്രഷറി വഴി നൽകുന്നതാണ്. | |
| 21 | <u>പെൻഷൻറദ്ദാക്കൽ</u>- പെൻഷൻഅനുവദിച്ചത് തെറ്റായ കാരണങ്ങളിന്മേലാണെന്നോ, തെറ്റായ വിവരങ്ങൾനൽകി കബളിപ്പിച്ച് അനുവദിപ്പിച്ചതാണെന്നോ ഏതെങ്കിലും സമയത്ത് ബോദ്ധ്യപ്പെടുന്ന പക്ഷം, ഭരണസമിതിക്ക് | | |

| | | | |
|---|---|---|---|
| | അനുവദിച്ച പെൻഷൻഉടനടി റദ്ദാക്കാവുന്നതാണ്. ആ സംഗതിയിൽവാങ്ങിയ തുക മുഴുവൻഅതു വാങ്ങിയ ആൾതിരിച്ചടയ്ക്കുവാൻബാദ്ധ്യസ്ഥനാകുന്നതാണ്. എന്നാൽഒരാളുടെ പെൻഷൻറദ്ദാക്കുന്നതിന് മുമ്പ്, അയാൾക്ക് പറയുവാനുള്ളത് പറയാനുള്ള അവസരം നൽകിയിരിക്കണം. | | |
| 22. | <u>പദ്ധതി ഭേദഗതി ചെയ്യൽ-</u> ഗവൺമെന്റിന് സ്വമേധയായോ, അല്ലെങ്കില്ഭരണസമിതിയുടെ ശുപാർശയിന്മേലോ ഈ ചട്ടങ്ങളിൽ, പിൻകാല പ്രാബല്യത്തോടെയോ, മുൻകാല പ്രാബല്യത്തോടെയോ എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ ചെയ്യാവുന്നതാണ്. | ഗവൺമെന്റിന് സ്വമേധയായോ, അല്ലെങ്കിൽഭരണസമിതിയുടെ ശുപാർശയിന്മേലോ ഈ ചട്ടങ്ങളിൽ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ, വ്യത്യാസം വരുത്തുകയോ ചെയ്യാവുന്നതാണ് | |
| 23. | <u>വ്യഖ്യാനവും വിശദീകരണവും-</u> ഈ പദ്ധതി നടപ്പാക്കുന്നതിലോ, ചട്ടങ്ങൾവ്യാഖ്യാനിക്കുന്നതിലോ എന്തെങ്കിലും സംശയങ്ങൾഉണ്ടാകുകയോ, ഏതെങ്കിലും പ്രത്യേക കാര്യത്തെ സംബന്ധിച്ച് വിശദീകരണം ആവശ്യമായി വരികയോ ചെയ്യുന്ന പക്ഷം, ഭരണസമിതി അത് ഗവൺമെന്റിലേക്ക് റഫർചെയ്യേണ്ടതും ഗവൺമെന്റിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. | | |

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഐ&പി.ആർ.(എച്ച്) വകുപ്പ്

നം. എച്ച്1/166/2019/ഐ&പി.ആർ. 20-06-2022,തിരുവനന്തപുരം

കൺവീനർ
പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടങ്ങൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതി

സെക്രട്ടറി, ധനകാര്യ വകുപ്പ്

സെക്രട്ടറി, നിയമ വകുപ്പ്

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്

പ്രസിഡന്റ്, കെ.യു.ഡബ്ല്യു.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

സെക്രട്ടറി,കെ.യു.ഡബ്ല്യു.ജെ, കേസരി ട്രസ്റ്റ്, പുളിമൂട്, തിരുവനന്തപുരം.

സർ,

വിഷയം:- ഐ&പി.ആർ.ഡി - പത്രപ്രവർത്തക ക്ഷേമ പെൻഷൻ പദ്ധതി ചട്ടം പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം ചേരുന്നത്- സംബന്ധിച്ച്.

സൂചന:- സ . ഉ (സാധാ )നം . 138 / 2021 / ഐ & പി ആർ തീയതി 06/09/2021

പത്രപ്രവർത്തക പെൻഷൻ പദ്ധതിയുടെ ചട്ടം പരിഷ്കരിക്കരണവുമായി ബന്ധപ്പെട്ട സമിതിയുടെ യോഗം ജൂലൈ 1 ആം തിയതി രാവിലെ 11.30 മണിക്ക് ഡയറക്ടറേറ്റിൽ ചേരുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിൽ വകുപ്പ് സെക്രട്ടറിമാരുടെ പ്രതിനിധികളെ അയക്കുവാനും മറ്റ് അംഗങ്ങൾ നേരിൽ വരാനും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ മീറ്റിംഗിൽ ചർച്ച ചെയ്ത കാര്യങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച കരട് അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,
S HARIKISHORE I A S
DIRECTOR

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഐ&പി.ആർ വകുപ്പ് ഡയറക്ടറുടെ സി.എ
ഐ&പി.ആർ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ സി.എ
ഡെപ്യൂട്ടി സെക്രട്ടറി/ ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ)
അക്കൗണ്ട്സ് ഓഫീസർ/ ഇൻഫർമേഷൻ ഓഫീസർ (പി.ആർ)

H

01.07.2022-ൽ ചേർന്ന പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം പരിഷ്കരണ കമ്മിറ്റി യോഗത്തിൽ പങ്കെടുത്തവർ

| നം. | പേര് | തസ്തിക/വിലാസം പത്രസ്ഥാപനം | ഫോൺ നമ്പർ & ഇ-മെയിൽ | ഒപ്പ് |
|---|---|---|---|---|
| 1 | Sri. Harikishore IAS | Director I&PRD | 9446268401 | [signature] |
| 2 | Indukala P | Addl. Law Secretary Law Dept. | 9447694919 | [signature] |
| 3 | K.P Reji | President KUWJ | 9645006328 | [signature] |
| 4 | E.S. Subhash | General Secretary KUWJ | 9447186884 | [signature] |
| 5 | Seleena A | A O | | [signature] |
| 6 | K. Abdul Rasheed | Additional Director PRD | 9446662148 | [signature] |
| 7 | Padmini K.S | Under Secretary Labour & Skills Dept | 9400176972 | [signature] 01/07/2022 |
| 8 | [signature] | DD (KJ?) | | [signature] |
| 9 | Syam. V | DS | 9447698741 | [signature] |
| 10 | Bindu K | U.S. Fin | 9483[illegible] | [signature] |

| | | | | |
|---|---|---|---|---|
| 11 | Sunip Hassan DD Pension | DD Pension | 9995448947 | [signature] |
| 12 | | | | |
| 13 | | | | |
| 14 | | | | |
| 15 | | | | |
| 16 | | | | |
| 17 | | | | |
| 18 | | | | |
| 19 | | | | |
| 20 | | | | |
| 21 | | | | |
| 22 | | | | |
| 23 | | | | |